T-62
T-34

# ഉയരുന്ന തിരശ്ശീല

T62
T-34



T62
T34

എസ്സ്. തേർമഠം.

# ഉയരുന്ന തൊഴിലാളി

(ഗദ്യനാടകം)

By

ഫാദർ എസ്സ്. തേർമഠം
എം. ഒ. എൽ.

DHARMARAM COLLEGE LIBRARY, BANGALORE.
19795
T62
T34

Published by:
LITTLE FLOWER BOOK-STALL,
COLLEGE ROAD, — TRICHUR 1.

Price 1 - Re.

Printed at:
ST. JOSEPH'S I. S. PRESS. ELTHURUTH TRICHUR-4.
1962.

# UYARUNNA THOZHILALI

*Permissu Superiorum.*

## ഇവരെ പരിചയപ്പെടുക:—

| | |
|---|---|
| നാരായണപ്പണിക്കർ— | മുതലാളി. |
| ശ്രീധരൻ— | മുതലാളിയുടെ മകൻ. |
| ലീലാവതി— | മുതലാളിയുടെ മകൾ. |
| ഗോപിനാഥൻ— | കമ്പനി മാനേജർ. |
| പ്രഭാകരൻ— | തൊഴിലാളി നേതാവു്. |
| മാധവപ്പണിക്കർ— | ഉയരുന്ന തൊഴിലാളി. |
| സുശീല — | മാധവപ്പണിക്കരുടെ മകൾ. |
| രാമു— | വേലക്കാരൻ. |
| ലക്ഷ്മി— | വേലക്കാരി. |

ഇൻസ്പെക്ടർ,

2 പോലീസുകാർ,

വ്യാപാരി.

## രംഗം 1

[കർട്ടൻ പൊന്തുന്നു. അണിയറയിൽ.]

ഒരാൾ:— ഇങ്കുലാബ്

എല്ലാവരും:— സിന്ദാബാദ്

ഒ:— ഇങ്കുലാബ്

എ:— സിന്താബാദ്

ഒ:— മുതലാളിത്വം

എ:— നശിക്കട്ടെ

ഒ:— പൌരോഹിത്യം

എ:— നശിക്കട്ടെ

ഒ:— ഇങ്കുലാബ്

എ:— സിന്താബാദ്

ഒ:— കമ്മ്യൂണിസം

എ:— ജയിക്കട്ടെ

ഒ:— ഇങ്കുലാബ്

എ:— സിന്താബാദ്.

(പ്രഭാകരൻ പാടിക്കൊണ്ടു് പ്രവേശിക്കുന്നു.)

പ്രഭാകരൻ:— തകരട്ടങ്ങിനെതകരട്ടെ
മുതലാളിത്വം തകരട്ടെ

തകരട്ടങ്ങിനെതകരട്ടെ
പൌരോഹിത്യം തകരട്ടെ
ഉയരട്ടങ്ങിനെ ഉയരട്ടെ
ചോരച്ചെങ്കൊടി ഉയരട്ടെ.

അതെ- അതങ്ങിനെ തകരണം. അടിയോടെ തകരണം. ഈ മുതലാളിത്വമൂരാച്ചികളുടെയും പുരോഹിതമേധാവികളുടെയും മരണമണി മുഴങ്ങിത്തുടങ്ങി. അവരുടെ ആളുന്ന പട്ടടതീയ്യ് പുതിയ ലോകത്തിന്ന് വെളിച്ചം വീശും. ഇരമ്പിക്കയറുന്ന യുവചൈതന്യത്തെ വിരൽകൊണ്ടു് തടഞ്ഞു നിൎത്താമെന്നു് അവർ വ്യാമോഹിക്കുന്നു. തൊഴിലാളികളുടെ ചുടുരക്തത്തിൽ മുക്കിയെടുത്ത ഈ ചെങ്കൊടി (കൈ ഉയൎത്തുന്നു) ലോകമാകെ പാറിപ്പറക്കും.

ഉയരട്ടങ്ങിനെ ഉയരട്ടെ
ചോരചെങ്കൊടി ഉയരട്ടെ
ഇങ്കുലാബ് സിന്താബാദ്.

(രാമു പ്രവേശിക്കുന്നു.)

രാമു:— എന്താ സാറെ ഈ പറേണതു്.

പ്രഭാ— അതൊന്നും നിനക്കു് മനസ്സിലാവുകയില്ല. അതൊരു ജയ്‌വിളിയാണു്.

രാ:— അങ്ങന്യാ. ഞാൻ വിചാരിച്ചു വല്ല കൂടോത്രാന്നു്. പാടംമുണ്ടത്തെ പണിക്കരച്ചൻ

ഹ്രൂം. ക്രീം. ക്രീം. എന്നൊക്കെ കൂടോത്രം ചെയ്യുമ്പോ പറേണതു കേട്ടിട്ടുണ്ടു്. ജയ്‌വിളിക്കുന്നതു് ഹിപ്പ്, ഇപ്പ്, ഹുറേ. എന്നല്ലെ സാറെ.

പ്ര:— അതൊക്കെ ഇംഗ്ലീഷ് മുറയാണു്. ഇംഗ്ലീഷു കാര് നാട്ടീന്നു് കെട്ട് കെട്ടീട്ട് നാളേറെയായി.

രാ:— എന്നാ മലയാത്തീ പറഞ്ഞൂടെ. മഹാത്മ ഗാന്ധിക്കു് ജെയ്. കോൺഗ്രസിന് ജെയ് എന്നൊക്കെ പോരെ സാറെ.

പ്ര:— നിനക്കെന്തറിയാം രാമു. ഇനി ഭാരതത്തെ ഭരിക്കുവാൻ പോകുന്നതു് ആരെന്നറിയാമൊ. റഷ്യയിലെ പ്രധാനമന്ത്രി. ഞങ്ങളതിനാണു് പണിയെടുക്കുന്നതു്.

രാ:— ഇതൊക്കെ അമ്മെമത്തല്ലി സ്വഭാവാ സാറെ. ഈ സാറന്മാരൊക്കെക്കൂടി ഇന്ത്യയെ റഷ്യക്കു ഒററിക്കൊടുക്കുന്നാ അങ്ങേതിലെ മാസ്റ്ററ് സാറു് പറഞ്ഞതു്. അയ്യേ. സാറെ. ഇതൊരു ഡിസൻറില്ലാത്ത വേലയാ.

പ്ര:— എടാ. നീയെന്നെ സാറെ. സീറെ. എന്നൊന്നും വിളിക്കരുതു്. സഖാവെ എന്നു വിളിക്കണം.

രാ:— അതെന്തോന്നാ സാറെ. ഈ സഖാവെന്നു പറഞ്ഞാ-

പ്ര:— അതോ. നിയ്യും ഞാനും എല്ലാവരും സമന്മാർ.

രാ:— അയ്യോ- സാറെ. എന്താ ഈ പറേണതു്. ദൈവമില്ലാന്നു പറേണ സാറും ഞാനും ഒന്നോ. അത്രക്കു മുകളിലേക്കു പോകണ്ട സാറെ.

പ്ര:— എടാ നീയെന്തു പറഞ്ഞു. തെണ്ടി.

രാ:— കളയണം സാറെ. ഈ പിരട്ടൊന്നും ഈ രാമൂനോട്ടവേണ്ട. പാവപ്പെട്ട തൊഴിലാളികളുടെ കയ്യീന്നു് പണം തട്ടിച്ചു തിന്നുന്ന ഊക്കൊന്നും ഈ രാമൂനോടു എടുക്കണ്ട സാറെ.

പ്ര:— നീ ഇന്നു മേടിക്കും.

രാ:— എന്റെ കയ്യ് മാങ്ങ പറിക്കുവാനുള്ളതല്ല.

പ്ര:— മൊതലാളീടെ എച്ചിൽ പെറുക്കിത്തിന്നുന്ന എരപ്പാളി.

രാ:— തൊഴിലാളികളുടെ പിച്ചപ്പാളയിൽ കയ്യിട്ടുവാരിത്തിന്നു കൊഴുത്തിട്ടുണ്ടെങ്കിൽ അതൊക്കെ അവിടെ ഇരുന്നോട്ടെ. ഇങ്ങോട്ടെടുക്കേണ്ട.

ഞാൻ രാപ്പകൽ വേലചെയ്തിട്ടാ ജീവിക്കുന്നതു്.

പ്ര:— നീ. ഇന്നുമേടിക്കും.

രാ:— കഴിഞ്ഞ മാസത്തില് നാലു പെണ്ണുങ്ങള് വളഞ്ഞ് നിന്നു ചൂലോണ്ടു് അടിച്ചപ്പോഠം ഈ ചൊടിയൊക്കെ എവിടെ പോയിരുന്നു.

പ്ര:— ഈ ഏരപ്പാളിക്കു ഇത്രക്കു ഊക്കു് എവിടന്നു കിട്ടി.

രാ:— ഹേ. സാറെ. ഈ കയ്യ് (കൈനീട്ടി) പണി ചെയ്തു തഴമ്പിച്ചതാ. ജീവിക്കുവാൻ തട്ടിപ്പും വെട്ടിപ്പും ആവശ്യമില്ല.

പ്ര:— എൻെറ ശക്തി നിനക്കറിഞ്ഞുകൂടാ.

രാ:— വേണ്ട. ആ പൊതി അഴിക്കണ്ട. അഴിച്ചാൽ നാറും.

(ഗോപി പ്രവേശിക്കുന്നു.)

ഗോ:— എന്താ നിങ്ങഠം ശണ്ഠകൂടുന്നതു്.

രാ:— ഈ സാറിൻെറ കയ്യിനു് എപ്പോഴും ഒരു തരിപ്പാണു്. അതു മാററുന്നതു് എൻെറ പുറത്താകണമെന്നു് വെച്ച്് നടക്കാ സാറെ.

ഗോ:— എടാ രാമു. നീ പോയി പോസ്റ്റാഫീസിൽ ചെന്നു് എനിക്കുള്ള എഴുത്തു വാങ്ങിക്കൊണ്ടു വേഗം വാ. (രാമു പോകുന്നു.)

ഗോ:— എടോ. താൻ അല്ലങ്കിലും ഒരു മരമണ്ടനാണു്.

പ്ര:— എന്താ സാറെ.

ഗോ:— ആ രാമു ആരെന്നു് നിനക്കറിയാമൊ.

പ്ര:— നാരായണപണിക്കരുടെ വേലക്കാരൻ.

ഗോ:— ഈ പണിക്കരുടെ കമ്പനിയിലെ മാനേജരാണു് ഞാൻ. നമ്മുടെ ലക്ഷ്യം സാധിക്കണമെങ്കിൽ ഈ രാമു നമ്മുടെ ഭാഗത്തു നില്ക്കണം.

പ്ര:— അവനൊരു മറയനാണു്.

ഗോ:— അവൻ മഹാ സമത്ഥനാണു്.

(രാമു പ്രവേശിക്കുന്നു.)

രാ:— ഏതു ഷാപ്പീന്നാ എഴുത്തു വാങ്ങിക്കൊണ്ടെ സാറെ.

ഗോ:— ഷാപ്പീന്നല്ലടാ പോസ്റ്റാഫീസീന്നു്.

രാ:— ഞാൻ വിചാരിച്ചു.......... (തലചൊറിഞ്ഞു്)

ഗോ:— നീ വിചാരിച്ചു. നിൻെറ തലാന്നു്. വേഗം ചെല്ലു്. (രാമു പോകുന്നു.)

ഗോ:— അപ്പോഠം പ്രഭാകരാ. നാരായണപണിക്കരുടെ സ്വത്താണു് എൻെറ ലക്ഷ്യം. എൻെറ പ്ലാൻ അനുസരിച്ചു് കാര്യങ്ങഠം മുന്നോട്ടു നീങ്ങുന്നുണ്ടു്. മുതലാളിയുടെ മകഠം ലീലാവതി മിക്കവാറും എൻെറ വലയിൽ വീണുകഴിഞ്ഞു. ഇനി അവളുടെ സഹോദരൻ ശ്രീധരൻ ആണു് ഒരു വിലങ്ങുതടി.

പ്ര:— അയാളെ അകററുവാൻ അത്ര എളുപ്പമല്ല.

ഗോ:— ഈ ഗോപിക്കു അതൊരു പ്രശ്നമല്ല. സമയം വരുമ്പോഠം അവനേയും ഞാൻ രംഗത്തുനിന്നു അകററിക്കൊള്ളാം.

പ്ര:— ആ മാധവപണിക്കർ തൊഴിലാളികളെ ആകഷിച്ചുതുടങ്ങിയല്ലൊ.

ഗോ:— അതും ഞാൻ അറിയാതിരിക്കുന്നില്ല. മിതവ്യയംകൊണ്ടു ഒരു തൊഴിലാളിക്കു സാമ്പത്തികമായി ഉയരാമെന്നതിനു അയാളൊരു ദൃഷ്ടാന്തമാണു്. ആ ആശയം തൊഴിലാളികളിൽ കടന്നുകൂടിയാൽ നമ്മഠം തോററതുതന്നെയാണു്.

പ്ര:— മാധവപണിക്കരുടെ മകഠം സുശീല സ്ത്രീ തൊഴിലാളികഠംക്ക മാതൃകയാണു്.

ഗോ:— തൊഴിലാളികഠം ഒരിക്കലും ഉയൎന്നുകൂടാ. അവർ പട്ടിണികൊണ്ടു നരകിച്ചാലെ നമ്മഠം തെളിക്കുന്ന വഴിക്കു നടക്കുകയുള്ളു. മദ്യപാനം, ചൂതുകളി തുടങ്ങിയ ദുശ്ശീലങ്ങഠം അവരിൽ വളർന്നുവരണം. ആ മാധവപണിക്കരുടെ പ്രവർത്തനങ്ങളെ വളരെ സൂക്ഷിക്കണം. അയാളുടെ ആദർശങ്ങഠംക്കു എതിരായിട്ടുള്ള ആശയങ്ങഠം തൊഴിലാളികളിൽ അപ്പപ്പോഠം ഇട്ടുകൊടുക്കണം.

(രാമു പ്രവേശിക്കുന്നു)

രാ:— സാറെ. പോസ്റ്റാഫീസിൻെറ മുററം അടിച്ചുവാരുന്ന പാറു പറഞ്ഞു. അങ്ങേക്കു് എഴുത്തൊന്നും ഇല്ലാന്നു്.

ഗോ:— എടാ, മരമണ്ടു. അവഠംക്കെന്തറിയാം.

രാ:— അവഠം എത്ര ക്ലാസ്സു പഠിച്ചിട്ടുണ്ടെന്നു ഞാൻ ചോദിച്ചില്ല. എത്രയായാലും എന്നോളം പഠിച്ചുകാണുകയില്ല. ഞാൻ നാലാംക്ലാസ്സിൽ നാലു കൊല്ലം പഠിച്ചോനാ.

ഗോ:— മതി നിൻെറ പ്രസംഗം. വേഗം കമ്പനിയിലേക്കു് ചെല്ലു്.

രാ:— ലീലാവതികൊച്ചമ്മ അവടെ മൊകറം കേററിപ്പിടിച്ചു് ഇരിക്കുന്നുണ്ടല്ലൊ.

ഗോ:— അതു സാരമില്ലടാ. അതൊക്കെ ഞാൻ വരുമ്പോഠം തീരും. നീ വേഗം അങ്ങോട്ടു ചെല്ല്. ഞാൻ ഇപ്പോഠംതന്നെ അങ്ങോട്ടു വരാമെന്നു് അവളോടു പറഞ്ഞേക്കു. (രാമു പോകുന്നു.)

പ്ര:— ഇവൻ ആളു് നാം വിചാരിക്കുന്നതുപോലെയല്ല.

ഗോ:— ആളൊരുമരമണ്ടനാണെങ്കിലും ചിലപ്പോഠം ചില കാര്യങ്ങഠംക്കു പറവം. തൊഴിലാളികളേയും മാധവപണിക്കരേയും തമ്മിൽ അകററണം. അവിടെയാണു് നമ്മുടെ വിജയം നിൽക്കുന്നതു്.

പ്ര:— മുതലാളിയുടെ സ്വത്തു കിട്ടിയാൽ നമ്മുടെ ജീവിതം സുഖമായി. അതിനുവേണ്ടി എന്തുക്ലേശവും ഞാൻ സഹിക്കാം. എന്നാൽ ഞാൻ പോകട്ടെ. (പോകുന്നു. ഗോപി അവൻ പോകുന്നതു നോക്കി നിൽക്കുന്നു. അല്പം കഴിഞ്ഞു്.)

ഗോ:— മുതലാളിയുടെ സ്വത്താണു് ഉന്നംവെക്കുന്നതു് അല്ലെ. തരക്കേടില്ല. ഈ ഗോപീനെയുണ്ടോ


നീയറിഞ്ഞിട്ട്. സ്വത്ത് കയ്യിൽ വരുന്ന തോടുകൂടി നീയും അവസാനിക്കും.

(രാമു പ്രവേശിക്കുന്നു.)

രാ:— സാറിനെ കാണാൻ രണ്ടു ലേഡിമാര് അവിടെ ഇരുപ്പുണ്ടു്.

ഗോ:— എന്നാൽ പോകാം.

— കർട്ടൻ —



## രംഗം 2

[മാധവപണിക്കരും സുശീലയും ഇരുന്നു സംസാരിക്കുന്നു.]

മാ:— സുശീലെ. ബാങ്കിൽ ഇപ്പോഠം ഏകദേശം ഏത്ര പണം കാണും.

സു:— ആയിരം രൂപയോളം കാണും.

മാ:— ശരി. എന്നാൽ 1000 രൂപാക്ക് ഒരു നിലം കൊടുപ്പാനുണ്ട്. നമുക്കതു് വാങ്ങിക്കാമല്ലൊ.

സു:— അച്ഛന്റെ ഇഷ്ടംപോലെ ചെയ്യാം.

മാ:— അമ്മക്കും അതു സമ്മതമായിരിക്കും. അല്ലേ?

സു:— അമ്മ വല്ലപ്പോഴും അച്ഛന്റെ അഭിപ്രായത്തിനു എതിരു പറഞ്ഞിട്ടുണ്ടോ?.

മാ:— എന്നാൽ ഞാൻ പോയി അതിനുവേണ്ട ഏപ്പാടുകഠം ചെയ്യട്ടെ. (പോകുന്നു.)

(രാമു പ്രവേശിക്കുന്നു.)

സു:— ഓ. രാമേട്ടനെ കണ്ടിട്ടു് നാളെത്രയായി.

രാ:— പറമ്പും നിലങ്ങളും വാങ്ങി പണക്കാരിത്തി

കൊച്ചമ്മയാകുവാൻ പോകുന്നളു ശീലകൊച്ചമ്മക്കു ഈ വേലക്കാരൻ രാമുനെ അന്വേഷിച്ചിട്ടെന്തുകാര്യം.

സു:— അയ്യോ രാമേട്ടാ. ഞങ്ങളിന്നും തൊഴിലാളികളാണു്. രാമേട്ടൻ കാണുന്നില്ലെ അച്ഛൻ നിത്യവും കമ്പനിയിലേക്കു പോകുന്നതു്. 2രൂപ നിത്യവും അദ്ദേഹത്തിനു കൂലി കിട്ടുന്നുണ്ടു്. അതുകൊണ്ടു ഞങ്ങൾ ദിവസങ്ങൾ കഴിച്ചുകൂട്ടുന്നുവെന്നേയുള്ളു.

രാ:— ആയിരം രൂപാക്കു് വയലുവാങ്ങാൻ പോകുന്നതു് ഈ രാമു അറിഞ്ഞില്ലന്നു വിചാരിക്കേണ്ട. ഈ പെണ്ണുങ്ങള് വല്ലപ്പോഴും നേരുപറയോ.

സു:— രാമേട്ടൻ പറയുന്നതു ശരിയാണു്. പക്ഷെ ആ പണം എങ്ങിനെ ഉണ്ടായി എന്നു രാമേട്ടൻ അന്വേഷിച്ചോ. മുതലാളിയുടെ പറമ്പിലാണു് ഞങ്ങൾ താമസിക്കുന്നതു്. അതിൽനിന്നു് യാതൊരു ആദായവും ഞങ്ങൾക്കു കിട്ടുന്നില്ല.

രാ:— എന്നാൽ പിന്നെ എങ്ങിനെയുണ്ടായി.

സു:— അച്ഛനു കിട്ടുന്ന രണ്ടുരൂപായിൽനിന്നു് 8ണ ദിവസവും സൂക്ഷിക്കും. ഒരുരൂപ എട്ടണകൊണ്ടു് ഒരു വിധത്തിൽ ഞങ്ങൾ ജീവിച്ചു.

അച്ഛൻ കള്ളുകുടിക്കില്ല. ബീഡി വലിക്കില്ല. കറിക്കുവേണ്ട സാധനങ്ങഠം ഞങ്ങഠം പറമ്പിൽ നട്ടുനനച്ചുണ്ടാക്കും

രാ:— സുശീലഅമ്മേ ആളു കേമി ആണല്ലോ.

സു:— ഈ ലഘുസമ്പാദ്യം നൂറുരൂപയായപ്പോഠം അച്ഛൻ ഒരു പെററ പശുവിനെ വാങ്ങിത്തന്നു. അതിൻെറ തീററിക്കു അധികം ചിലവു ചെയ്യാറില്ല.

രാ:— എന്താ. അതിനു വായു ഭക്ഷണമായിരുന്നോ.

സു:— അല്ലാ രാമേട്ടാ. ഞാനോ അമ്മയോ പാടത്തുപോയി പുല്ലു് അരിഞ്ഞുകൊണ്ടുവരും. പിന്നെ പിണ്ണാക്കിനും പരുത്തിക്കുരുവിനുംവേണ്ട ചിലവേ വന്നിരുന്നുള്ളു. ബാക്കി വരുന്ന പാൽ ഞങ്ങഠം കാച്ചി മോരും നെയ്യും ആക്കാറുണ്ടു്. മോരുണ്ടെങ്കിൽ വീട്ടിലെ കറിക്കു അധികം ചിലവു ആവശ്യമില്ലല്ലൊ.

രാ:— അമ്മേം മോളും നല്ല പിശുക്കത്തികളാണല്ലൊ.

അ:— പിശുക്കല്ല. മിതവ്യയം എന്നാണു് ഇതിൻെറ പേരു്. ആവശ്യത്തിനുകൂടി ചിലവുചെയ്യാതിരിക്കുന്നതാണു് പിശുക്കു്. ആവശ്യത്തിനു മാത്രം ചിലവു ചെയ്യുന്നതാണു് മിതവ്യയം.

രാ:— പശുവിൽനിന്നുള്ള ആദായം അച്ഛൻ ചോദി ക്കാറില്ലേ.

സു:— ഇല്ല. അതൊക്കെയും അമ്മയാണു സൂക്ഷി ക്കാറു പതിവ്. ആ പശുവിൻെറ പാലു വിററ പണംകൊണ്ടു് വേറൊന്നിനെ വാങ്ങി. ഞങ്ങളൊരു വളക്കുഴിയുണ്ടാക്കി പശുക്കളുടെ ചാണകവും മൂത്രവും ശേഖരിച്ചു. അതുകൊണ്ടു വളരെ അധികം പച്ചക്കറികൾ ഉണ്ടാക്കുവാൻ ഞങ്ങൾക്കു സാധിച്ചു. ആവശ്യം കഴിഞ്ഞ് വിററു പണമാക്കുവാനും കഴിഞ്ഞു.

രാ:— ഇപ്പോൾ എത്ര പശുക്കളുണ്ടു്.

സു:— കറക്കുന്ന നാലു പശുക്കളും അവയുടെ കുട്ടിക ളുമുണ്ടു്. കഴിഞ്ഞ ആഴ്ച അമ്മ അച്ഛൻെറ പക്കൽ 300 രൂപ കൊടുത്തു. അതെല്ലാം കൂട്ടിയാണു് അച്ഛൻ ഒരു വയലുവാങ്ങാൻ ഉദ്ദേശിക്കുന്നതു്.

രാ:— എല്ലാ തൊഴിലാളികളും ഇങ്ങിനെ ചെയ്തിരു ന്നുവെങ്കിൽ.

സു:— തീർച്ചയായും ആർക്കും സാമ്പത്തികമായി ഉയ രാം. ഇന്നു് നിത്യദാരിദ്ര്യമാണു് മിക്ക തൊഴി ലാളി കുടുംബത്തിലും.

രാ:— കൂലികിട്ടുന്നതിൽ പകുതിയിലധികവും അവർ കുടിക്കും.

സു:— വീട്ടിൽ എന്നും അദ്ധ് പട്ടിണിതന്നെ. ജീവച്ഛവമായ ഒരു ഭാര്യയും ഒന്നുപോലെ അഞ്ചാറുകുട്ടികളും.

രാ:— പട്ടിണികിടക്കുമ്പോൾ ഇങ്കുലാബു് വിളിക്കുവാനും തുടങ്ങും.

സു:— അതെ. തൊഴിലാളികളെ മിതവ്യയം ശീലിപ്പിച്ചു് അവരുടെ ശീട്ടുകളി മദ്യപാനം മുതലായ ദുർഗ്ഗുണങ്ങളിൽനിന്നു പിന്തിരിപ്പിച്ചു് ഉയർത്തുന്നതിനു പകരം അവരെ പട്ടിണിയിലേക്കു പിടിച്ചുതള്ളി മുതലാളിമാരുടെനേരെ മുഷ്ടി ചുരുട്ടി അവരുടെ പക്കൽനിന്നും പണം പിടുങ്ങുവാൻ പരിശ്രമിക്കുന്നവരാണു് ഇന്നത്തെ തൊഴിലാളിനേതാക്കന്മാരിൽ ഭൂരിഭാഗവും. അവരുടെ പിടിയിൽനിന്നു തൊഴിലാളിവർഗ്ഗം സ്വതന്ത്രരാകാതെ അവരൊരിക്കലും ഉയരുകയില്ല.

(ലക്ഷ്മി പ്രവേശിച്ചു് രാമുവിനോടു്)

ലക്ഷ്മി:— താനിവിടെ സല്ലപിച്ചിരുന്നാൽ അവിടത്തെ കാര്യങ്ങൾ എങ്ങനൃാ നടക്കാ.

രാ:— നിന്നെ സല്ലപിക്കാൻ കിട്ടാണ്ടല്ലെ ഞാൻ

ഇങ്ങോട്ടു പോന്നതു്.

ല:— എനിക്കതിനു നേരംവേണ്ട.

രാ:— അല്ലങ്കിലും വർക്കത്തില്ലാത്ത നിൻെറ മോറ് കണ്ടാ ആർക്കുംവരും ദേഷ്യം.

സു:— എന്തിനാ നിങ്ങൾ വഴക്കുപിടിക്കുന്നതു്.

രാ:— ഒരു ലീലാവതി കൊച്ചമ്മയുണ്ടെന്നു കരുതി പെണ്ണു നിലത്തല്ല നിൽക്കുന്നതു്.

ല:— അതേ എനിക്കു ദേഷ്യം വന്നാലുണ്ടല്ലോ.

രാ:— ഈ പെണ്ണുങ്ങൾക്കു ദേഷ്യം വന്നാൽ എവിടം വരെ എത്തും. അടുക്കളെവരെ.

ല:— അങ്ങോട്ടു ചെല്ല്. കൊച്ചമ്മേടെ കയ്യീന്നു് ഇന്നു് കണക്കിനു് കിട്ടും.

രാ:— ഓ. അതു സാരോല്ല. നീയും പെണ്ണു്, കൊച്ചമ്മേം പെണ്ണു്. ഒന്നു പൂച്ച, മറേറതു പൂച്ച മൂത്ത കോക്കാൻ. അല്ലെ തുശീലമ്മേ.

സു:— ആവോ. എനിക്കറിഞ്ഞുകൂടാ. (ലക്ഷ്മി പറകോട്ടു് നോക്കീട്ടു്.) അതാ കൊച്ചുമുതലാളി വരുന്നു. അന്വേഷിച്ചിട്ടു കാണാതെ ദേഷ്യാ

യിട്ടു് വരുകയായിരിക്കും. ഞാൻ പോണു കൊച്ചമ്മേ. (പോകുന്നു.)

(ശ്രീധരൻ പ്രവേശിക്കുന്നു )

ശ്രീ:— ഞാൻ രാമൂനെ അവിടെയൊക്കെ അന്വേഷിച്ചു. കണ്ടില്ല. ഇവിടെ ഉണ്ടാകുമെന്നു കരുതി ഇങ്ങോട്ടു പോന്നു.

രാ:— ഒരു വെടിക്കു രണ്ടുപക്ഷി. അല്ലേ. കൊച്ചു മുതലാളി.

ശ്രീ:— എന്താ അതു്.

രാ:— രാമൂനെ കാണാനെന്ന ഭാവം. സുശീലക്കൊച്ചമ്മെനെ കാണണ്ട ആവശ്യം.

ശ്രീ:— (ചിരിച്ചുകൊണ്ടു്. ഒരെഴുത്തു നീട്ടിക്കൊണ്ടു്.) നീ ഈ എഴുത്തു് കൊണ്ടു പോസ്റ്റു് ചെയ്യു് (രാമു എഴുത്തു വാങ്ങുന്നു പോകുന്നു.)

സു:— ശ്രീധരൻചേട്ടനെ കണ്ടിട്ടു് എത്ര നാളായി. ഈ പാവപ്പെട്ടവരെ അന്വേഷിച്ചിട്ടു എന്തു കാര്യം. അല്ലേ ശ്രീധരൻചേട്ടാ.

ശ്രീ:— അയ്യോ സുശീലെ, എന്നെ തെററിദ്ധരിക്കരുതു്. ഒരത്യാവശ്യകാര്യം പ്രമാണിച്ചു് തിരുവനന്തപുരം വരെ ഒന്നു പോകേണ്ടതുണ്ടായിരുന്നു. അതാണു് ഇങ്ങോട്ടു വരാഞ്ഞതു്.

സു:— ഞാൻ വെറുതെ പറഞ്ഞതാ ചേട്ടാ. പണക്കാരെന്നോ പാവങ്ങളെന്നോ ഉള്ള വ്യത്യാസം ചേട്ടനില്ലെന്നു എനിക്കറിഞ്ഞുകൂടെ. പാവങ്ങളുടെ വീട്ടുകളിൽ കയറി അവർക്കുവേണ്ട സഹായം ചെയ്തുകൊടുക്കുന്നതു ഞാനീ കണ്ണുകൊണ്ടു് കണ്ടിട്ടുള്ളതല്ലെ.

ശ്രീ:— അച്ഛൻ വലിയൊരു നിലം വാങ്ങിക്കുവാൻ പോകുന്നുവെന്നു കേട്ടല്ലൊ.

സു:— വലിയതല്ലങ്കിലും ചെറിയതൊന്നു വാങ്ങിക്കുവാൻ അച്ഛനു ആലോചനയുണ്ടു്.

ശ്രീ:— വളരെ സന്തോഷം. ഓരോ തൊഴിലാളി കുടുംബവും ഇങ്ങിനെ മിതവ്യയം ശീലിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു. കിട്ടുന്നതിലധികവും ദുർവ്യയം ചെയ്യുയാണു് നമ്മുടെ ഇന്നത്തെ തൊഴിലാളികൾ. ദാരിദ്ര്യത്തിൽ നിന്നു നിരാശതയുണ്ടാകുന്നു. അപ്പോഴാണു് അവർ ധാൎമ്മികമായി അധഃപതിക്കുന്നതു്.

സു:— സുഖമായി ജീവിക്കുവാനുള്ള മാൎഗ്ഗം സ്വപരിശ്രമംകൊണ്ടു നേടുവാൻ ഉദ്ദേശിക്കാതെ കിട്ടുന്നതു മുഴുവൻ ദുർവ്യയം ചെയ്യുക. എന്നിട്ടു പാടുപെട്ടു സമ്പാദിച്ച സ്വത്തുകൊണ്ടു സുഖമായി ജീവിക്കുന്നവരോടു അസൂയപ്പെട്ടിട്ടു് എന്താണു് കാര്യം. അതാണു് ഇന്നു് തൊഴിലാളിവൎഗ്ഗത്തിൽ നാം കാണുന്നതു്.

ശ്രീ:— നിർഭാവശാൽ തൊഴിലാളികളുടെ ധാർമ്മികവും സാമ്പത്തികവുമായനില ഉയർത്തുവാനല്ല ഇന്ന ത്തെ മിക്ക തൊഴിലാളി നേതാക്കന്മാരും ശ്രമി ക്കുന്നതു്. തൻകാര്യം കാണുവാൻ തൊഴി ലാളിവർഗ്ഗത്തെ അവർ കരുക്കളാക്കിയിരിക്കു കയാണു്.

സു:— അവരുടെ അധഃപതനമാണു് ആ നേതാക്ക ന്മാർ ആഗ്രഹിക്കുന്നതു്.

ശ്രീ:— എന്നാലെ അവരെക്കൊണ്ടു പാവകളിപ്പിക്കു വാൻ സാധിക്കുകയുള്ളു.

(രാമു പ്രവേശിക്കുന്നു.)

രാ:— മുതലാളീ. ഞാൻ ആ എഴുത്തു നമ്മുടെ ചുമ രിന്മേൽതന്നെ ഒട്ടിച്ചു.

ശ്രീ:— എന്തു്. ഒട്ടിച്ചെന്നോ. എന്തിനു്.

രാ:— പെയ്സ്റ്റ് ചെയ്യാൻ പറഞ്ഞാ ഈ രാമൂനു് അറിഞ്ഞൂടെന്നാ മുതലാളി വിചാരിച്ചെ. മൊതലാളീടെ മാതിരി. ബി. എ. കു ബി. എ. ജയിച്ചിട്ടില്ലെങ്കിലും നാലാം ക്ലാസിൽ നാലുകൊല്ലം പഠിച്ചോനാ ഈ രാമു. പി. എ. എസ്. ടി. പെയിസ്റ്റ് ഒട്ടിക്കുക എന്നു് ഈ രാമൂനു് അറിഞ്ഞൂടെന്നാ മൊതലാളി കരുതിയതു്.

ശ്രീ:— നീ എഴുത്തു് എന്തുചെയ്തുവെന്നാ പറയുന്നതു്

രാ:— ആ എഴുത്തിന്മേ സ്റ്റാമ്പ് ഉണ്ടായിരുന്നില്ലെ. നല്ല ഭംഗി ഉണ്ടായിരുന്നു. അതൊണ്ടു് ഞാൻ അതു് ചുമരിമേൽ ഭംഗിയായി ഒട്ടിച്ചു.

ശ്രീ:— എടാ മരമണ്ടാ. പെയസ്റ്റ് ചെയ്യാനല്ല. പോസ്റ്റ് ചെയ്യാനാ ഞാൻ പറഞ്ഞതു്.

രാ:— എന്താ അതിൻെറ അത്ഥം മൊതലാളി.

ശ്രീ:— പോസ്റ്റ്ചെയ്യാ എന്നു പറഞ്ഞാൽ എഴുത്തു് തപ്പാൽപെട്ടിയിൽ ഇടുക എന്നാണത്ഥം.

രാ:— ഹാ. അങ്ങന്യാ– ഞാൻ പോയി ഇപ്പോഠംതന്നെ പോസ്റ്റ് ചെയ്യേക്കാം. മൊതലാളീനെ അച്ഛൻ വിളിക്കുന്നുണ്ടു്.

ശ്രീ:— ഉടനെ വരാമെന്നു പറയൂ. (രാമു പോകുന്നു.)

ശ്രീ:— ഈ രാമു ഒരു വല്ലാത്ത മനുഷ്യനാണു്. ചിലപ്പോഠം അവൻെറ പ്രകൃതി കണ്ടാൽ ഒരു പട്ട വിഡ്ഡിയാണെന്നുതോന്നും. ചിലപ്പോഠം അവൻ ഒരു വിദ്യാസമ്പന്നനെപ്പോലെ പെരുമാറും.

സു:— എനിക്കും സംശയം തോന്നായ്കയില്ല.

ശ്രീ:— ഏതൊ ഒരു വലിയ രഹസ്യം അവനെ വലയം ചെയ്തിട്ടുണ്ടു്.

സു:— കാലം ചെല്ലുമ്പോഠം അതു വെളിച്ചത്തു വരാതിരിക്കയില്ല.

ശ്രീ:— അച്ഛൻ വിളിക്കുന്നുണ്ട്. ഞാൻ പോകട്ടെ. പിന്നെ വരാം. (പോകുന്നു.)

സു:— പശുവിനു വെള്ളം കൊടുത്തിട്ടില്ല.
(പോകുന്നു.)

— കർട്ടൻ —

# രംഗം 3

[ലക്ഷ്മി മുറി അടിച്ചുകൊണ്ടിരിക്കുന്നു.]

ലക്ഷ്മി:— (ആത്മഗതം) ഈ മൊതലാളിവർഗ്ഗത്തെ സേവിക്കാൻ വലിയ വിഷമമാ- എപ്പോഴും ജോലി തന്നെ. ജോലി.

(രാമു പ്രവേശിക്കുന്നു.)

രാ:— ഇവിടെ ഇങ്ങിനെ നിന്നു പിറുപിറുക്കാനല്ല നിനക്ക് ചെലവും ശമ്പളോം തരുന്നത്. പണിയെടുക്കാനാ.

ല:— താനാരാ ഇതു പറയാൻ.

രാ:— നീയും മററുള്ളോരും പണിയെടുക്കുന്നുണ്ടോന്നു നോക്കാൻ എന്നെ ഒരു ഏട്ടവേലക്കാരനായിട്ടാണു് ഇവിടെ അപ്പോയിൻററ് ചെയ്തിരിക്കുന്നതു്. ഇതുവല്ലതും നിൻെറ പീറത്തലയിൽ കേറോ.

ല:— അതേ. ആ ഏട്ടസ്ഥാനം ഒക്കെ അവിടെ വെച്ചാൽ മതി.

രാ:— ഇപ്പോ എനിക്കു മനസ്സിലായി ആ മാസ്റ്റർസാറ് പറഞ്ഞതു്.

ല:— എന്തോന്നാ മനസ്സിലായതു്.

രാ:— നിൻെറ നാളു് എരവതിയാണെന്നു്.

ല:— അയാളുടെ തന്തേരെ നാളാ എരവതി.

രാ:— അതോണ്ടാണത്രെ നിനക്കു് എഴുപതു ശീലമുള്ളതു്.

ല:— അയാൾക്കെന്താ അതിനു നഷ്ടം.

രാ:— നീ നേര്യാവണങ്കില്യ് നിന്നെ എഴുപതു വടി കൊണ്ടു് ഒപ്പം അടിക്കണമത്രെ.

ല:— അയാളുടെ കെട്ടിയോരെ പോയി തല്ലു്. (പുറത്തേക്കു നോക്കീട്ടു്) അതാ കൊച്ചമ്മ വരുന്നു. എന്നെ കൊല്ലും ഇന്നു്. വേഗം പോക ഇവിടന്നു്.

രാ:— എന്താ ഞാൻ വല്ല കൊലപ്പുള്ളിയോ മറേറാ ആണോ. പേടിച്ചോടാൻ. കൊച്ചമ്മേ. നിന്നെപ്പോലൊരു പെണ്ണ്ല്ലേ. രാക്ഷസിയൊന്നുമല്ലല്ലൊ.

ല:— അയ്യോ. കൊച്ചമ്മ അടുത്തെത്തി. മുറിയിൽ ആരേയും കയററരുതെന്നു് ഇന്നലെ കൂടി എന്നോടു പറഞ്ഞതാ. കൊച്ചമ്മ വന്നാ അപ്പം മീററിങ്ങിനു് പോകും. ആ വിരിയുടെ മറവിൽ നിന്നോ. (തള്ളി മാററുന്നു.)

(ലീലാവതി പ്രവേശിക്കുന്നു.)

ലീലാ:— എന്തടീ തൂണുപോലെ നില്ക്കുന്നതു്.

ല:— ഞാൻ മുറിയെല്ലാം അടിച്ചു വൃത്തിയാക്കുകയാണു്.

ലീ:— മററന്നാൾ എൻെറ പിറന്നാളാണു്. ഈ വിരികളെല്ലാം അലക്കിവെക്കണം. (വിരി വലിച്ചിടുന്നു. രാമു തല ചൊറിഞ്ഞു് നില്ക്കുന്നു.)

ലീ:— എന്താ രാമു ഇതു്.

രാ:— കൊച്ചമ്മ ആ മാനേജർസാറിനോടു വർത്താനം പറേണതു് കണ്ടപ്പോ എനിക്കു് ലച്ച്മിയോടും വർത്താനം പറേണന്നു തോന്നി.

ലീ:— അതിനെന്തിനെടാ ഇവിടെ വന്നതു്.

രാ:— ലച്ച്മി ഇവിടെയായിരുന്നു.

ലീ:— എന്തിനെടാ നീ വിരിയുടെ മറവിൽനിന്നതു്.

രാ:— ഞാനിവിടെ നിക്കുന്നകണ്ടാ കൊച്ചമ്മ അവളെ കൊല്ലൂത്രെ. അവളുടെ ജീവനെ രക്ഷിക്കാൻ ഞാനങ്ങനെ നിന്നു.

ലീ:— അവളുടെ ജീവൻ രാമൂന്നു് ഇത്ര കാര്യണോ.

രാ:— ആ മാനേജർസാറിൻെറ ജീവൻ കൊച്ചമ്മക്കു് എത്ര കാര്യണോ. അത്രക്കു് ഈ ലച്ചിമീടെ ജീവനും രാമൂനുണ്ടു്.

ലീ:— ഹെയ്. എനിക്കങ്ങനെയൊന്നും അയാളോടില്ല.

രാ:— അപ്പോഠം ദിവസത്തിൽ നാലഞ്ചുപ്രാവശ്യം എഴുത്തു കൊടുത്തയക്കുന്നതു് വെറുതെയാണോ.

ലീ:— അതൊക്കെ ഒരു തരം പകിട്ടല്ലടാ.

രാ:— നിങ്ങളു് പെണ്ണുങ്ങളു്. ലൌ എന്നു പറഞ്ഞു് ചാകാൻപോകുന്നതിൻെറ ഗുട്ടൻസ് ഇത്രയേ ഉള്ളൂ അല്ലേ. ഇപ്പോഴല്ലേ ആ മാസ്റ്റർ സാറ് പറഞ്ഞിതിൻെറ കളു മനസ്സിലായതു്.

ലീ:— അയാളെന്തു പറഞ്ഞു.

രാ:— കാണുമ്പം ചിരിക്കുന്ന പെണ്ണിനേയും നോക്കിയാൽ കരയുന്ന പെണ്ണിനേയും വിശ്വസിക്കരുതെന്നു്.

ലീ:— അതൊക്കെ പോകട്ടടാ. നീ ഈ എഴുത്തു കൊണ്ടുപോയി മാനേജക്കു് കൊടുക്കു്. (രാമു എഴുത്തു വാങ്ങുന്നു.)

രാ:— കൊച്ചമ്മേ ഈ മാനേജർസാറു് എവിടത്തുകാരനാ.

ലീ:— അദ്ദേഹം ഇരവിപുരംകാരനാ.

രാ:— ഇവിടെ വന്നിട്ടു് എത്രകൊല്ലം കഴിഞ്ഞു.

ലീ:— ഏതാണ്ടു് പതിനെട്ടു് കൊല്ലം കഴിഞ്ഞിരിക്കും.

രാ:— ഈ ലച്ചിമി ഇവിടെ വന്നിട്ടു് എത്ര കാലായി കൊച്ചമ്മെ.

ലീ:— എനിക്കറിഞ്ഞുകൂടാ. വളരെ ചെറുപ്പത്തിൽ അവരം ഇവിടെയുണ്ടു്. അവൾക്കു് മാതാപിതാക്കളില്ല.

രാ:— ആ. അങ്ങനന്യാ.

ലീ:— രാമു വേഗം പോയി എഴുത്തു് കൊടുക്കു്.

രാ:— (നോക്കീട്ടു്) മാനേജർസാറല്ലെ വരുന്നതു്.

ലീ:— എന്നാൽ ആ എഴുത്തു് ഇങ്ങോട്ടു തന്നേരു്.

രാ:— അതെന്തിനാ കൊച്ചമ്മെ. ഈ എഴുത്തു് നാ

ളെ കൊടുക്കാല്ലൊ. ദിവസോം എഴുത്തല്ലെ. ഒരെഴുത്ത് ലാഭിക്കാമല്ലൊ.

ലീ:— വേണ്ട. അതിങ്ങോട്ടു തന്നേക്ക്.

രാ:— നാളെ പുതിയ വർത്താനം ഉണ്ടാകും എഴുതാൻ അല്ലെ. (എഴുത്ത് കൊടുക്കുന്നു.)

(രാമു പോകുന്നു. മാനേജർ പ്രവേശിക്കുന്നു.)

ലീ:— എത്ര ദിവസങ്ങളായി ഇവിടെ വന്നിട്ട്. ഒരാളുടെ ഹൃദയം ഇവിടെ ഇങ്ങിനെ നീറിക്കൊണ്ടിരിക്കുന്നുണ്ടെന്ന് വല്ല വിചാരമുണ്ടോ.

ഗോ:— ഞാൻ വന്നില്ലെങ്കിലും ലീലാവതിയെപ്പററി വിചാരിക്കാത്ത ഒരു നിമിഷമില്ല. ലീലക്കു വേണ്ടിയല്ലെ ഞാൻ രാപകൽ പണിയെടുക്കുന്നതു്.

ലീ:— എന്താ എനിക്കുവേണ്ടി എടുക്കുന്ന പണി.

ഗോ:— കമ്പനി ലീലയുടെ അച്ഛൻെറയല്ലെ. ലീലയുംകൂടി അതിൻെറ അവകാശിനിയല്ലെ. കമ്പനി നന്നായാൽ ലീലക്കല്ലെ ഗുണം.

ലീ:— ഈ ഉപായങ്ങൾ പറഞ്ഞു് ഇവിടെ വരാതിരിക്കുവാൻ നോക്കുകയാണല്ലെ.

ഗോ:— ഞാൻ എന്നും വിചാരിക്കും ലീലയെ വന്നു

കാണണമെന്നു്. പക്ഷെ അപ്പോറം വരും ഒരു നൂറുകൂട്ടം കമ്പനികാര്യങ്ങൾ.

ലീ:— സ്നേഹമുണ്ടെങ്കിൽ സമയം എങ്ങിനെയെങ്കിലും കാണും. സ്നേഹമില്ലന്നങ്ങു തുറന്നുപറഞ്ഞാൽ പോരെ.

ഗോ:— ലീലാവതി. നീ എന്നെ കൊല്ലാതെ കൊല്ലുകയാണു്. എൻെറ ഹൃദയം പൊളിച്ചുകാണിക്കുവാൻ സാധിക്കുകയില്ലല്ലൊ.

ലീ:— അപ്പോറം അതിൽ പലരേയും കാണുവാൻ കഴിയും. ഈ പുരുഷന്മാരെ വിശ്വസിച്ചുകൂടാ. എൻെറ കരളെ ഞാൻ നിനക്കുവേണ്ടി മരിക്കും. എന്നൊക്കെ പറയുന്നസമയത്തു് വേറൊരുവറംക്കു പ്രണയലേഖനമെഴുതുകയായിരിക്കും. ഇതാണു് പുരുഷന്മാരുടെ സ്നേഹത്തിൻെറ പോക്കു്.

ഗോ:— അതൊന്നും ഈ ഗോപിയുടെ അടുക്കൽ വിലപോവുകയില്ല. ലീലയെ എൻെറ ഹൃദയത്തിൽകയററി ഇരുത്തി പൂവിട്ടു പൂജിക്കുവാൻ തുടങ്ങിയിട്ടു് കൊല്ലങ്ങറംതന്നെ വളരെയായി. ലീലെ, സമാധാനമായിരിക്കൂ. ഞാൻ വേറൊരു യുവതിക്കു എൻെറ ഹൃദയം ഒരിക്കലും അടിയറ വെക്കുകയില്ല. ഇതു സത്യമാണു്.

ലീ:— എൻെറ സ്വപ്നങ്ങളുടെ വിഷയവും ആശയുടെ അവലംബവും അങ്ങാണു്. ഞാൻ ജീവി

ക്കുന്നതുതന്നെ അങ്ങേക്കുവേണ്ടിയാണു്.

ഗോ:— ഞാൻ കാണുന്ന വസ്തുക്കളിലും ശ്വസിക്കുന്ന വായുവിലും ലീലാവതിയുടെ പ്രതിഛായയു ണ്ടു്. ലീലാവതി എന്നെ പോകാൻ അനുവ ദിക്കു. കമ്പനിയിൽ ഇന്നു് അത്യുക്കും തിരക്കു ള്ള ജോലിയാണു്.

ലീ:— ഒരു മണിക്കൂർ എന്റെ അടുക്കൽ ചിലവഴി ക്കുവാൻ നിങ്ങൾക്കു സമയമില്ലേ.

ഗോ:— ലീലാവതി. നീ എന്നെ സംശയിക്കുകയാ ണു്. ഓരോ കാര്യങ്ങൾക്കായി കമ്പനിയിൽ പലരും വന്നിരിക്കുന്നുണ്ടു്. അതിന്റെ ഇട യിൽനിന്നാണു് ഞാൻ നിന്റെ അടുക്കലേക്കു് ഓടിവന്നതു്. എന്നെ പോകാൻ അനുവ ദിക്കു. ഞാൻ പോകട്ടെ.

ലീ:— എന്നാൽ ഞാൻ തടസ്ഥം പറയുന്നില്ല. എ ന്നെ മറക്കരുതു്.

ഗോ:— അതൊരിക്കലും ഉണ്ടാകയില്ല. (പോകുന്നു.)

(രാമു പ്രവേശിക്കുന്നു.)

രാ:— കൊച്ചമ്മയെ അച്ഛൻ അടിയന്തിരമായി അ ന്വേഷിക്കുന്നുണ്ടു്.

ലീ:— എന്തിനടാ. അച്ഛൻ എന്നെ വിളിക്കുന്നതു്.

രാ:— മാനേജർസാറു് പറഞ്ഞ കാര്യം കൂടോടെ

കേൾക്കാനായിരിക്കും.

ലീ:— ഞങ്ങൾ തമ്മിൽ സംസാരിക്കുന്നതു് അച്ഛൻ കണ്ടിട്ടുണ്ടോ.

രാ:— കണ്ടാലും സാരല്ല്യാന്നേ. ഇതൊരുതരം നോൺസൻസാണെന്നു് ആക്കാ അറിഞ്ഞുകൂടാത്തതു്. പിന്നെ മൂർക്കൻപാമ്പിനു പാലുകൊടുക്കുമ്പോ സൂക്ഷിക്കണം കൊച്ചമ്മെ.

ലീ:— ഞാൻ പോകട്ടെ. (പോകുന്നു.)

രാ:— (ആലോചിച്ചിട്ടു്) അതെ ഇതുതന്നെ പററിയ സമയം. (പോകുന്നു.)

— കർട്ടൻ —

# രംഗം 4

[ഗോപിനാഥനും പ്രഭാകരനും പ്രവേശിക്കുന്നു.]

പ്ര:— കാര്യങ്ങൾ കുഴപ്പത്തിലേക്കാണു് നീങ്ങുന്നതു്.

ഗോ:— എന്താ. അതു്.

പ്ര:— തൊഴിലാളികൾ ഓരോരുത്തരായി നമ്മിൽ നിന്നു ഊരിത്തുടങ്ങി.

ഗോ:— കാരണം.

പ്ര:— മാധവപണിക്കരുടേയും സുശീലയുടേയും മിതവ്യയപ്രസംഗവും അവരുടെ ദൃഷ്ടാന്തവും. കേവലം ഒരു തൊഴിലാളിയായിരുന്നവൻ ആയിരംരൂപായ്ക്കാ വയലു് വാങ്ങാൻ പോകുന്നതു്. മിതവ്യയം ശീലിക്കുകയും മദ്യപാനം ഉപേക്ഷിക്കുകയുംചെയ്താൽ ഏതൊരു തൊഴിലാളിക്കും ഇതേവിധം ഉയരാമെന്നു് അവക്കു മനസ്സിലായാൽ നമ്മുടെ വയററത്താണു് അടിവീഴുക.

ഗോ:— മനസ്സിലായാലും പ്രവത്തിക്കുന്നവർ ചുരുങ്ങും.

പ്ര:— ഉം. എന്തുകൊണ്ടു്.

ഗോ:— ഒരു ദുസ്സ്വഭാവത്തിൽ ഒരാൾ വീണുകഴിഞ്ഞാൽ അതിൽനിന്നു പിന്തിരിയണമെങ്കിൽ ദുസ്സ്വഭാവം

ശീലിക്കാൻ എത്രസമയം എടുത്തുവോ അതി ന്റെ പത്തിരട്ടി സമയം വേണം. പോരെ ങ്കിൽ ശീലിച്ചതു ഉപേക്ഷിക്കണമെങ്കിൽ വള രെയധികം പ്രതിബന്ധങ്ങളോടു് മല്ലടിക്കേ ണ്ടിവരും.

പ്ര:— ഒരു രൂപ ഒരുവനു കിട്ടിയാൽ അതു രണ്ടാക്കാ നല്ലെ മനുഷ്യൻ ആഗ്രഹിക്കുക. അതവന്റെ സ്വഭാവമാണു്.

ഗോ:— ശരിയാണു്. സമ്പാദിക്കുവാനുള്ള ആഗ്രഹം കുരുന്നിലെ നുള്ളിക്കളയുകയാണു് നമ്മുടെ ജോലി. മാധവപ്പണിക്കരെപ്പോലെ നിരന്ത രമായി ത്യാഗം സഹിക്കുവാൻ അധികം ആള കളെ കണ്ടെന്നുവരികയില്ല.

പ്ര:— എന്നാലും ചിലരുണ്ടായേക്കും. കാലക്രമേണ അതു പടർന്നുപിടിക്കും.

ഗോ:— അപ്പോഴേക്കും മുതലാളിയുടെ സ്വത്തു മുഴുവനും എന്റെ കയ്യിൽ വരും. പോരെങ്കിൽ ഭീമ മായ ഒരു തുക നമ്മുടെ കയ്യിലുണ്ടല്ലൊ. പി ന്നെ തൊഴിലാളികൾ കോടീശ്വരന്മാരായാൽ നമുക്കെന്തൊണു്.

പ്ര:— എവിടെയാണു് രൂപവെച്ചിരിക്കുന്നതു്.

ഗോ:— അതു ഞാൻ സൂക്ഷിച്ചുവെച്ചിട്ടുണ്ടു്.

പ്ര:— ആ സംഭവം ഇത്രയും കാലമായിട്ടും ഒരീച്ചപോ

ലും അറിഞ്ഞിട്ടില്ലല്ലോ. ഭാഗ്യമായി.

ഗോ:— അത്രയും പ്ലാൻ ചെയ്തല്ലെ കൃത്യം നടത്തിയതു്. ലക്ഷ്മിയുടെ സഹായമുണ്ടായിരുന്നില്ലെങ്കിൽ അതു് നടക്കുമായിരുന്നില്ല. എന്റെ കയ്യടയിൽ ഒരെഴുത്തു് അവളുടെ പക്കലുണ്ടായിരുന്നു. അതു ചോദിച്ചപ്പോൾ കാണാനില്ലന്നാണു് അവൾ പറഞ്ഞതു്. പെണ്ണല്ലെ. അതു അത്ര കാര്യമായി സൂക്ഷിച്ചിരിക്കയില്ല. പോരെങ്കിൽ സംഭവം പുറത്തുവന്നാൽ അവൾക്കും ആപത്താണല്ലൊ. തൊഴിലാളികളുടെ മീററിങ്ങല്ലെ. വേഗം ചെല്ലു്.

(പ്രഭാകരൻ പോകുന്നു. രാമു പ്രവേശിക്കുന്നു.)

രാ:— (പരിഭ്രമത്തോടെ) മാനേജര്സാറെ കേട്ടില്ലെ വർത്താനം.

ഗോ:— എന്തെടാ.

രാ:— സുശീലയമ്മയുടെ അച്ഛൻ ആയിരം രൂപായ്ക്കു് വയലു് വാങ്ങാൻ പോണൂന്നു്. പെണ്ണു് നിലത്തല്ല നില്ക്കുന്നതു്.

ഗോ:— അതിനു് രാമുനെന്താനഷ്ടം.

രാ:— അവളുടെ ഭാവം കണ്ടപ്പം കരണകുററിക്കു് ഒന്നു കൊടുക്കാനാ എനിക്കു തോന്നിയതു്.

ഗോ:— പണം വദ്ധിക്കുമ്പോഠം ആളുകഠംക്കു് അഹംഭാവം കൂട്ടും. അതു ലോകസ്വഭാവമാണു്.

രാ:— പ്രത്യേകിച്ചു് പെണ്ണുങ്ങഠംക്കു്.

ഗോ:— പെണ്ണു് അധികം കളിക്കില്ല രാമു.

രാ:— സ്ത്രീതൊഴിലാളികഠംക്കുവേണ്ടി അവഠം ഒരു സംഘം തുടങ്ങീട്ടുണ്ടത്രെ?

ഗോ:— എന്തിനാ അതു്.

രാ:— സ്വകാര്യ സമ്പാദ്യം.

ഗോ:— എന്നുവെച്ചാൽ

രാ:— നിത്യംകിട്ടുന്ന കൂലിയിൽനിന്നു് രണ്ടണയോ നാലണയോ മിച്ചംപിടിച്ചു് ഈ സംഘത്തിൽ അടക്കുക. അത്യാവശ്യം വരുമ്പോഠം മടക്കി ക്കൊടുക്കും.

ഗോ:— അതിൽ എത്ര അംഗങ്ങളുണ്ടു്.

രാ:— ഏതാണ്ടു് നൂറിലധികമുണ്ടെന്നാ കേട്ടതു്.

ഗോ:— അതു നമുക്കു് ആപത്താണു്.

രാ:— സംശയമുണ്ടോ. നമ്മുടെ നെഞ്ഞത്തു് ഇരുമ്പു് ഒലക്കകൊണ്ടല്ലെ അവഠം അടിക്കുന്നതു്.

(പ്രഭാകരൻ പ്രവേശിച്ച്) മാധവപണിക്കരുടെ വയലിൻെറ തീറ് നാളെ നടക്കുമത്രെ. ആയിരംരൂപ ബാങ്കിൽനിന്നെടുത്ത് വീട്ടിൽ വെച്ചിട്ടുണ്ടു്.

ഗോ:— (ആലോചിച്ചിട്ട്) ശരി. അതിനു വഴിയുണ്ടു്. ഈ ആയിരംരൂപ അധർമ്മം വഴിയായി ഉണ്ടാക്കിയതാണെന്നു് മീററിങ്ങിൽ പരസ്യമായി തട്ടിവിടണം. സ്ത്രീതൊഴിലാളികൾക്ക് അവളോടുള്ള ബഹുമാനം അതോടെ അവസാനിക്കും. പ്രഭാകരൻ വേഗം മീററിങ്ങിന്നു പോകൂ. അനന്തരനടപടികൾ ഞാൻ പിന്നീട് പറയാം. (പ്രഭാ- പോകുന്നു) (കുറച്ചുനേരം ആലോചിച്ചിട്ട്) ശരി. രാമു- എനിക്കിപ്പോൾ തന്നെ ഒരിടത്തു പോകേണ്ടതുണ്ടു്. (പോകുന്നു)

രാ:— (ആത്മഗതം) ഗോപിനാഥൻ, ഈ രാമുനെ നീ അറിഞ്ഞിട്ടില്ല. നിന്നെ ഞാൻ ശരിക്കു മനസ്സിലാക്കി. സുശീല ആരെന്നു എനിക്കറിയാം. അവളെ തൊട്ടാൽ............ ഹും. നോക്കട്ടെ. (പോകുന്നു.)

— കർട്ടൻ —

## രംഗം 5

[മാധവപണിക്കരും സുശീലയും ഇരുന്നു് സംസാരിക്കുന്നു. സമയം രാത്രി.]

മാ:— അമ്മയും കുട്ടികളും വന്നില്ലല്ലോ.

സു:— ഇന്നു വരാമെന്നാണു് അമ്മ പറഞ്ഞതു്. അമ്മാവൻ പറഞ്ഞയച്ചില്ലായിരിക്കും.

മാ:— നാളെ വരാതിരിക്കയില്ല.

സു:— ബാലൻ ദേഷ്യപ്പെട്ടാണു് പോയതു്.

മാ:— ഉം. എന്തിനു്.

സു:— സിനിമ കാണണമെന്നുംപറഞ്ഞു് ശാഠ്യംപിടിച്ചുനിന്നു.

മാ:— സിനിമകൾ കുട്ടികളെ അയക്കുന്നതിനു് എനിക്കു് വിരോധമില്ല. പക്ഷേ ഇപ്പോഴത്തെ പടം കുട്ടികൾക്കു് കാണുവാൻ പററിയതല്ല.

സു:— എന്താ അതു്.

മാ:— അതിൽ ചില അശ്ലീല ഭാഗങ്ങളുണ്ടു്. അതു് ബാലമനസ്സിനെ ദുഷിപ്പിക്കും. സദാചാര

ബോധത്തെ വളർത്തുന്ന പടം വരട്ടെ. അപ്പോഴം അയക്കാം.

സു:— വയലിൻെറ കാര്യം എന്തായി.

മാ:— നാളെ നടക്കുമെന്നാണു് വെച്ചിരുന്നതു്. പക്ഷെ നാളെ നടക്കുകയില്ല.

സു:— കാരണം.

മാ:— ബാങ്കിലെ ശ്രുപ്പയുടെ അവുധിയായിട്ടില്ല. നാലുദിവസംക്കൂടി കഴിയണം.

സു:— ജനങ്ങളുടെ ഇടയിൽ നമ്മുടെ വയലിൻെറ കാര്യം വലിയ സംസാരവിഷയമായി.

മാ:— നാം ആരുടെ മുതലും മോഷ്ടിച്ചിട്ടല്ലല്ലോ വയല് വാങ്ങുന്നതു്. കിട്ടുന്ന കൂലിയിൽനിന്നു് അത്യാവശ്യത്തിനു മാത്രം ചിലവു് ചെയ്തു് മിച്ചമുണ്ടാക്കിയല്ലെ നാം ആയിരം ശ്രുപ ഉണ്ടാക്കിയതു്.

സു:— അസൂയക്കും കഷണ്ടിക്കും മരുന്നില്ലെന്നല്ലെ സാധാരണ പറയുക.

മാ:— ആളുകളെന്തെങ്കിലും പറയട്ടെ. നേരം വളരെയായി. നമുക്കു് പോയി ഉറങ്ങാം.

(രണ്ടുപേരും പോകുന്നു. പെട്ടന്നു് ദേഹമാസകലം മൂടിയ 2 പേർ പ്രവേശിക്കുന്നു. ഒരാളുടെ കയ്യിൽ ഒരു കൈകത്തോക്കും.)

ഒന്നാ:- ഉറക്കമായിരിക്കും. അകത്തേക്ക് കടക്കാം.

രണ്ടാ:- എങ്ങിനെ?

ഒന്നാ:- (നോക്കിയിട്ട്) വാതിൽ അടച്ചിട്ടില്ല.

രണ്ടാ:- എന്നാൽ കടക്കാം

ഒന്നാ:- ശരി. (കടക്കുന്നു.)

(പെട്ടന്ന് അകത്ത് നിലവിളി കേൾക്കുന്നു. കർട്ടൻ പൊങ്ങുന്നു. മാധവപ്പണിക്കരുടെ നേരെ ഒന്നാമൻ തോക്ക് ചൂണ്ടി)

എടാ, ശബ്ദിച്ചാൽ നീയിന്ന് ശവമാണ്.

(ഇതിനിടയിൽ മറേറവൻ സുശീലയുടെ കൈ കെട്ടി, വായിൽ തുണി തിരുകുന്നു)

ഒന്നാ:- എടാ, വയൽവാങ്ങാൻ വച്ചിരിക്കുന്ന 1000 രൂപ എവിടെ.

മാ:- (വിക്കി വിക്കി) ബാങ്കിലാണ്.

ഒന്നാ:- മര്യാദക്ക് സത്യം പറഞ്ഞോ. അല്ലെങ്കിൽ നിൻെറ കഥയിന്ന് കഴിക്കും. എടാ, ഇനി മേലിൽ തൊഴിലാളിനേതാവിന് വിരോധമായി ഒരു വാക്കുപോലും ഉച്ചരിക്കയില്ലെന്നു സത്യംചെയ്യ്.

മാ:- (ധൈര്യത്തോടെ) ഇല്ല. തൊഴിലാളി നേതാവ്

അവരെ വഞ്ചിക്കുകയാണു്. അറിഞ്ഞും കൊണ്ടു് ഞാനതിന്നു് കൂട്ടുനില്ക്കുകയില്ല.

കന്നാ:- എടാ നിനക്കു് ജീവിക്കണോ, അതോ മരിക്കണോ.

രാ:- ജീവിക്കണമെന്നു് ആഗ്രഹമുണ്ടു്. പക്ഷെ മനഃസാക്ഷിക്കു് വിരോധമായി പ്രവൎത്തിക്കുന്നതിനേക്കാറം മരണമാണു് ഞാൻ ഇഷ്ടപ്പെടുന്നതു്.

**(പെട്ടന്നു് രാമു ഒരു വടിയുമായി പ്രവേശിച്ചു് തോക്കു ചൂണ്ടിയവന്റെ കയ്യിന്മേൽ അടിക്കുന്നു. തോക്കു് താഴെ വീഴുന്നു. അതെടുക്കുന്നു. മററു രണ്ടുപേരും ഓടുന്നു. "നെറികെട്ട തെണ്ടികളു്" എന്നു പറഞ്ഞു് രാമു അവരെ അനുഗമിക്കുന്നു. മാധവപ്പണിക്കർ മകളുടെ കെട്ടുകറം അഴിക്കുന്നു.)**

മാധ— മകളെ ഭയപ്പെടരുതു്. രാമു ഒരു ദൈവദൂതനെപ്പോലെ നമ്മെ സഹായിക്കുവാൻ ഓടിയെത്തി.

**(രാമു തോക്കുമായി പ്രവേശിക്കുന്നു.)**

രാമു:— അവരോടിക്കളഞ്ഞു.

മാധ- ഈ അവസരത്തിൽ നിന്നെ അയച്ചതു് സാക്ഷാൽ ഈശ്വരൻതന്നെയാണു്.

രാ- സത്യമുള്ളോരെ സഹായിപ്പാൻ ഈശ്വരൻ പിന്നാലെത്തന്നെയുണ്ടാകും.

സു:- (കൈക്കൂപ്പിക്കൊണ്ടു്.) രാമേട്ടാ. ഈ ഉപകാരത്തെ ഞങ്ങളൊരുനാളും മറക്കുകയില്ല.

രാ:- നന്ദീം മറവും പറയാൻ ഇനിയും സമയമുണ്ടു്. ഇപ്പോളെനിക്കു് പോകണം. പിന്നെ ഒരു കാര്യമുണ്ടു്. ഇവിടെ നടന്ന സംഗതികൾ ഒരാളോടും മിണ്ടിപ്പോകരുതു്.

മാ:- ആരാണു് ഇവിടെ വന്നതു്.

രാ:- അതിപ്പോൾ നിങ്ങളറിയേണ്ട. പിന്നീടറിയാം. ഞാൻ പോകട്ടെ- വളരെ അധികം ജോലികളുണ്ടു്. (പോകുന്നു)

മാ:- ഒരത്ഭുതമനുഷ്യൻ.

സു- എന്തു ധീരൻ- തോക്കുംചൂണ്ടി നില്ക്കുന്നവനെ എത്ര സാമർത്ഥ്യത്തോടെയാണു് അടിച്ചു വീഴ്ത്തിയതു്.

മാ:- അവനിതൊക്കെ എങ്ങിനെ അറിഞ്ഞു?

സു:- ആർക്കറിയാം. ആരോടും പറയരുതെന്നല്ലെ പറഞ്ഞിരിക്കുന്നതു്.

മാ:- അതെ പറയരുതു്. ഇതിൽ എന്തൊ രഹസ്യമുണ്ടായിരിക്കും. ഏതായാലും നമുക്കു് കിടക്കാം. ഉറക്കമുണ്ടാകയില്ല. (പോകുന്നു)

— കർട്ടൻ —

## രംഗം 6

[മാധവപണിക്കരും സുശീലയും സംസാരിക്കുന്നു.]

മാ:– എത്ര സ്ത്രീകൾ നിൻെറ ലഘുനിക്ഷേപപദ്ധതിയിൽ ചേർന്നിട്ടുണ്ട്.

സു:– ഏതാണ്ട് നൂറ് പേരോളം കാണും.

മാ:– എപ്പോഴാണ് ഈ സംഖ്യ മടക്കികൊടുക്കുക.

സു:– അവക്ക് വീട്ടിൽ എന്തെങ്കിലും അത്യാവശ്യം നേരിടുമ്പോൾ. സുഖക്കേട്, വിവാഹം, മരണം മുതലായ അവസരങ്ങളിൽ.

മാ:– നമ്മുടെ ലക്ഷ്മിയല്ലേ ആ വരുന്നതു്.

സു:– (നോക്കീട്ട്) അതെ– അവൾ പണമടക്കുവാൻ വരികയാണ്.

മാ:– എത്ര കാണും.

സു:– അവൾക്കാണ് ഏററവും കൂടുതൽ സംഖ്യ.

മാ:– മകളെ വല്ലവരും വന്നാൽ ഞാൻ മുതലാളിയുടെ വീട്ടിലുണ്ടെന്നു പറയണം.

സു:– അങ്ങിനെയാവാം.

(മാധവപ്പണിക്കർ പോകുന്നു. ലക്ഷ്മി പ്രവേശിക്കുന്നു.)

സു:- എന്താ ലക്ഷ്മി.

ല:- ഞാൻ പണമടക്കുവാൻ വന്നതാണ്.

സു:- എത്ര രൂപയുണ്ട്.

ല:- ആറുരൂപ പന്ത്രണ്ടണ.

സു:- (ചിരിച്ചുകൊണ്ട്) ലക്ഷ്മി ഇപ്പോഴും വലിയ ഒരു പണക്കാരി ആകുമല്ലോ.

ല:- ആദ്യമൊക്കെ അതും ഇതും വാങ്ങി ചമ്പളമൊക്കെ ചിലവാക്കിയിരുന്നു. കൊച്ചമ്മ ഈ സംഘം തുടങ്ങിയതിൽപിന്നെയാണ് നാലു രൂപയുണ്ടായത്. ഇപ്പോഴും ഒരു പൈ ഞാൻ ചിലവാക്കില്ല.

സു:- എന്താണ് ഈ പണംകൊണ്ട് ചെയ്യാൻപോകുന്നത്.

ല:- (നാണം നടിച്ച്) പത്ത് മുപ്പത്തഞ്ചു വയസ്സുമായില്ലെ- എത്ര നാളാ ഇങ്ങനെ തനിച്ച് ജീവിക്ക്യ.

സു:- (ചിരിച്ചുകൊണ്ട്) ഒരു കല്യാണം കഴിക്കണം അല്ലെ?.

ല:- അതൊക്കെ വേണ്ട കൊച്ചമ്മെ.

സു:- തീർച്ചയായിട്ടും.

ല:- കയ്യില് നാല് കാശില്ലെങ്കിൽ, വല്ലോരും തരോ കൊച്ചമ്മെ.

സു:- ഇല്ല- ആരും തരുവാനുണ്ടാകയില്ല. (ചിരിച്ചിട്ട്) ആരെയാണ് ലക്ഷ്മി കണ്ടുവെച്ചിരിക്കുന്നത്.

ല:- ഞാനാരെ കണ്ടുവെക്കാനാണ്.

സു:- എന്നാലും.

ല:- (നാണിച്ച്) നമ്മുടെ ........ രാമേട്ട....

സു:- രാമേട്ടനോ- അയാറും അതിനു സമ്മതിച്ചോ.

ലക്ഷ്മി:- അയാള് സ്നേഹമുള്ളോനാ ചാടിക്കടിച്ച് വത്താനം പറഞ്ഞാലും എന്നോട്ട് ഇഷ്ടമാണ്. (നോക്കീട്ട്) കൊച്ചുമുതലാളി വരുന്നുണ്ട്. ഞാൻ പോകട്ടെ കൊച്ചമ്മേ.

സു:- അങ്ങനെയാകട്ടെ.

(ലക്ഷ്മി പോകുന്നു. ശ്രീധരൻ പ്രവേശിക്കുന്നു.)

ശ്രീ:- എന്താ സുശീലെ ഞാൻ അന്നു പറഞ്ഞ കാര്യത്തിന്നു ഒരു മറുപടിയും കിട്ടിയില്ലല്ലോ.

സു:- നാം തമ്മിലുള്ള വിവാഹകാര്യം. അല്ലെ.

ശ്രീ:- അതെ.

സു:- അങ്ങ് തെല്ലും ആലോചിക്കാതെയാണ് സംസാരിക്കുന്നത്. എന്റെ അച്ഛൻ അങ്ങയുടെ കമ്പനിയിലെ ഒരു കൂലിവേലക്കാരനാണ്.

ശ്രീ:- അതെ. അതിനെന്താ.

സു:- എന്റെ അച്ഛനും നിങ്ങളുടെ അച്ഛനും തമ്മിൽ വളരെ സൗഹാർദ്ദത്തിലാണ് കഴിഞ്ഞുകൂടുന്നത്.

ശ്രീ:- അതെ. അച്ഛന് മാധവപ്പണിക്കരെ വളരെ ബഹുമാനമാണ്.

സു:- ഈ നിലക്ക് അങ്ങ് എന്നെ വിവാഹം ചെയ്താൽ ഞങ്ങൾ അങ്ങയെ വശീകരിച്ചുവെന്നാണ് അച്ഛൻ ധരിക്കുക. ആ ധാരണ ഒരു നിത്യശത്രുതയെ കരുപിടിപ്പിക്കും. എന്തിനു ഞങ്ങളെ ഉപദ്രവിക്കുന്നു.

ശ്രീ:- സുശീലെ ഞാൻ ഭവതിയെ സ്നേഹിച്ചുകഴിഞ്ഞു. ഇനി വേറൊരു യുവതിയെ സ്നേഹിക്കുവാൻ എനിക്കു സാധ്യമല്ല.

സു:- ഈ വാക്കുകൾ എന്റെ ഹൃദയത്തെ പിളർക്കുന്നു. നാമിരുവരുടേയും മദ്ധ്യത്തിൽ അലതല്ലുന്നത് ഒരു മഹാ സമുദ്രമാണ്. അതിനെ മുറിച്ചു കടക്കുവാൻ നാമിരുവർക്കും സാദ്ധ്യമല്ല.

ശ്രീ:- പ്രതിബന്ധങ്ങളെ കണ്ടു് ഭയപ്പെട്ടോടുന്നതു്

ഭീരുക്കളാണു്. എന്നെ സ്നേഹിക്കുന്നില്ലെന്നു് പറഞ്ഞാൽ പോരെ.

സു:- (ചിരിച്ചുകൊണ്ടു്) എന്നു ഞാൻ പറഞ്ഞില്ലല്ലോ. അങ്ങയുടെ ഭാര്യാപദം ആഗ്രഹിക്കാത്ത അധികം യുവതികൾ ഉണ്ടാകുമെന്നു തോന്നുന്നില്ല.

ശ്രീ:- ആ ചുരുക്കംപേരിൽ ഒന്നു് സുശീലയും.

സു:- അങ്ങെന്നെ വൃഥാ തെററിധരിക്കുകയാണു്. ഇതിലെന്തോ ഒരു അപകടമുണ്ടെന്നു ഒരു ആന്തരീക സ്വരം എന്നോടു് ആമന്ത്രണംചെയ്യുന്നു.

ശ്രീ:- അതു് വെറും തോന്നൽ മാത്രമാണു്.

സു:- ഞാൻ തുറന്നു പറയാം. എന്റെ ഹൃദയപീഠത്തിൽ കയറിയിരിക്കുന്നതു് അങ്ങു് ഒരുവൻ മാത്രമാണു്. പക്ഷേ ഒരു സഹോദരന്റെ നിലയിൽ മാത്രം. അങ്ങു് ഏതു യുവതിയെ വിവാഹം ചെയ്താലും ഒരു സ്നേഹമുള്ള സഹോദരിയെപ്പോലെ ഞാനെന്നും അങ്ങയെ സ്നേഹിച്ചുകൊണ്ടിരിക്കും. (രാമു പ്രവേശിച്ചു്) കൊച്ചു മുതലാളി........ തീയു്, തീയു്.

ശ്രീ:- എവിടെടാ തീയു്.

രാ:- ഇവിടേയും തീയു്. അവിടേയും തീയു് എവിടേയും തീയു്.

സു:- എന്താ രാമേട്ടന്ന ഭ്രാന്തുണ്ടോ.

രാ:- എനിക്കും ഭ്രാന്ത്. കൊച്ചുമൊതലാളിക്കും ഭ്രാന്ത്.... അല്ലെങ്കിൽ മനുഷ്യജീവിതംതന്നെ ഒരു ഭ്രാന്തല്ലേ. ലോകം ഒരു ഭ്രാന്തശാലയും. കൊച്ചുമൊതലാളിനെ അച്ഛൻ വിളിക്കുന്നുണ്ട്.

ശ്രീ:- എന്തിനാടാ വിളിക്കുന്നതു്.

രാ:- സുശീലകൊച്ചമ്മെ വിവാഹംചെയ്യാൻ ഉപദേശിക്കാനായിരിക്കും. അല്ലെങ്കിൽ വേണ്ടെന്നു പറയാനായിരിക്കും.

ശ്രീ:- നീ ഇതൊക്കെ എങ്ങിനെ അറിഞ്ഞു.

രാ:- ഈ രാമുന്നു് 2 × 2 = 4 ചെവികളുണ്ട്, മൊതലാളി.

ശ്രീ:- രാമു വരു. നമുക്കു് വീട്ടിലേക്കു പോകാം. (രണ്ടുപേരും പോകുന്നു.)

സു:- (അവർ പോകുന്നതു് നോക്കിനില്ക്കുന്നു. ആത്മഗതം) ഈ രാമു വെറും ഒരു വേലക്കാരനോ. അല്ലാതിരുന്നെങ്കിൽ....

— കർട്ടൻ —

# രംഗം 7.

[നാരായണപണിക്കരും ശ്രീധരനും സംസാരിക്കുന്നു.]

നാ:- നീ മാധവപ്പണിക്കരുടെ മകൾ സുശീലയെ വിവാഹംചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ.

ശ്രീ:- അച്ഛാ, അച്ഛന്റെ മുഖത്തുനോക്കി കളവു പറയുവാൻ എനിക്കു സാധ്യമല്ല. സുശീലയെ വിവാഹംചെയ്താൽ കൊള്ളാമെന്നുണ്ടു്.

നാ:- ഒരച്ഛൻ എന്തൊന്നിനെപററിയാണു് സദാ ചിന്തിച്ചുകൊണ്ടിരിക്കുക.

ശ്രീ:- മക്കളുടെ അഭ്യുദയത്തെപററി.

നാ:- ശരി. നിനക്കു് വിവരമുണ്ടു്. എന്നാൽ നിന്റെ അച്ഛൻ പറയുന്നു ആ വിവാഹം നിനക്കു് യോജിച്ചതല്ലന്നു്.

ശ്രീ:- അച്ഛാ ക്ഷമിക്കണം. ഞാൻ സുശീലയെ സ്നേഹിച്ചുപോയി. ഇനി വേറൊരു യുവതിയെ സ്നേഹിക്കുക സാദ്ധ്യമല്ല.

നാ:- കുഞ്ഞേ, സമുദായത്തിൽ ഓരോ വ്യക്തികൾക്കും ഓരോ സ്ഥാനമുണ്ടു്. അവന്റെ ബന്ധുജന

ങ്ങളും അതിനോടു യോജിച്ചവരായിരിക്കണം. ഓരോരുത്തക്കും ഇഷ്ടപ്പെട്ട ഭാര്യയെ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ഓരോ വ്യക്തിക്കുമുണ്ടെന്നു് ഞാൻ സമ്മതിക്കുന്നു.

ശ്രീ:- എന്നാൽ പിന്നെ ഈ നിരോധനത്തിന്റെ ആവശ്യമെന്താണു്.

നാ:- നമ്മിൽനിന്നു് തുലോം താഴ്ന്ന പടിയിൽ നില്ക്കുന്നവരുമായി നാം ബന്ധുത്വം സ്വീകരിച്ചാൽ അവരുടെ പദവിയിലേക്കു നാം ഇറങ്ങേണ്ടിവരും. അവർക്കു സമുദായംകൊടുക്കുന്ന സ്ഥാനമേ നമുക്കും ലഭിക്കുകയുള്ളു.

ശ്രീ:- അച്ഛൻ മാറാലപോലെ പററിനില്ക്കുന്ന പഴയ മാമൂലിനെ മുറുകെ പിടിച്ചിരിക്കയാണു്. കുതിച്ചുപായുന്ന നവീനാദശ്ങ്ങളുടെ മുമ്പിൽ അതിനു് ഇനി സ്ഥാനമില്ല. പണത്തിനും പദവിക്കും ലോകംകൊടുക്കുന്ന സ്ഥാനം ദ്രവിച്ചുതുടങ്ങി. വ്യക്തികളുടെ കഴിവുകളെ മാത്രമേ ലോകം ഇന്നു പരിഗണിക്കുന്നുള്ളു.

നാ:- നമ്മുടെ പൂർവ്വികന്മാർ നിശ്ചയിച്ചിട്ടുള്ള ആചാരമര്യാദകളെ അങ്ങനെ അലക്ഷ്യമായി വലിച്ചെറിയരുതു്.

ശ്രീ:- സനാതനതത്വങ്ങളെ പിടിച്ചിളക്കണമെന്നു് ഞാൻ പറയുന്നില്ല.

നാ:- പിന്നെ.

ശ്രീ:- കാലത്തിൻെറ മനോഭാവമനുസരിച്ച് നാമും മുന്നോട്ടു നീങ്ങണം.

നാ:- നമ്മുടെ പൂർവ്വികരെ അവഹേളിക്കുകയോ.

ശ്രീ:- അവർ നിശ്ചയിച്ചിട്ടുള്ളതു് നല്ലതായിരിക്കാം. അവ അന്നത്തെ കാലത്തിൻെറ മനോഭാവത്തിനു യോജിച്ചവയായിരുന്നു. പണ്ടത്തേതിൽ നിന്നു് വളരെ വ്യത്യസ്ഥമാണു് ഇന്നത്തെ മനഃസ്ഥിതി. കാലത്തിൻെറ ഒഴുക്കനുസരിച്ചു് നാമും നീങ്ങണം. അതിനെ മുറിച്ചു കടക്കുവാൻ ഉദ്യമിക്കുന്നതു് ആപത്താണു്.

നാ:- സുശീലയാണെങ്കിൽ നമ്മുടെ ഒരു തൊഴിലാളിയുടെ മകൾ, നമ്മെപ്പോലെ സ്വത്തില്ല; സമുദായത്തിൽ നിലയില്ല; നിന്നെപ്പോലെ വിദ്യാഭ്യാസമില്ല. പിന്നെ അവളെ എങ്ങിനെ നിൻെറ ഭാര്യയായി ഈ വീട്ടിൽ കയറും?.

ശ്രീ:- ഒരു ഭാര്യക്കു് തീരെ ആവശ്യമില്ലാത്ത ചില കൂട്ടങ്ങൾ വേണമെന്നു് അങ്ങു് ശഠിക്കുന്നു. എന്നാൽ അവളിൽ അവശ്യം ഉണ്ടായിരിക്കേണ്ട ഗുണങ്ങളെപ്പററി അങ്ങു് മൌനം ദീക്ഷിക്കയാണു്.

നാ:- നീ പറയുന്നതു് എനിക്കു് മനസ്സിലാകുന്നില്ല.

ശ്രീ:- സമ്പത്തു്, പദവി, വിദ്യാഭ്യാസം, സമുദായസ്ഥിതി ഇതൊന്നുമല്ല ഒരു യഥാർത്ഥ ഭർത്താവു്

ഭാര്യയിൽനിന്നും പ്രതീക്ഷിക്കുന്നതു്. അവളുടെ സ്വഭാവമാണു്. അതാണു് അവളുടെ സമ്പത്തു്. .........................ആഭിജാത്യം; .........................ആഭരണം. സുശീല യഥാർത്ഥത്തിൽ ഒരു സംസ്കാരമുള്ള യുവതിയാണെന്നു് അനുഭവംകൊണ്ടു് മനസ്സിലായിട്ടുണ്ടു്. അതുകൊണ്ടാണു് അവളെ വിവാഹം കഴിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നതു്.

നാ:- അവളുടെ സ്വഭാവത്തെപററി എനിക്കു് ഭിന്നാഭിപ്രായമില്ല. ഏതൊരു കുടുംബത്തിനും അവളൊരലങ്കാരമാണു്. പക്ഷെ........

ശ്രീ:- പിന്നെ എന്താണു് ആ നീണ്ട "പക്ഷെ" യിൽ ഒളിച്ചുവെച്ചിരിക്കുന്നതു്.

നാ:- അവളുടെ അച്ഛൻ ഒരു തൊഴിലാളിയാണു്.

ശ്രീ:- സുശീല ഒരു തൊഴിലാളിയുടെ മകളായതുകൊണ്ടു് അങ്ങു് പതിത്വം കാണുന്നു. തൊഴിൽ ചെയ്യുന്നതു് അവമാനമാണെന്നു കരുതുന്ന കാലം കടന്നുപോയി അച്ഛാ.

നാ:- നീ താത്വികമായി സംസാരിക്കുന്നു.

ശ്രീ:- അല്ല. ഞാൻ കാര്യങ്ങൾ തുറന്നു കാട്ടുകയാണു്. വിഭവങ്ങളെ ഉല്പാദിപ്പിക്കുന്ന കാര്യത്തിൽ കൈത്തൊഴിൽ ലോകത്തിൻെറ മൂലധനത്തോടു് സഹകരിക്കുന്നു. സാമൂഹ്യമായി നോക്കുമ്പോൾ അതിനുള്ള സ്ഥാനം വിശ്രുമ

ത്തോടാണു്. ആദ്ധ്യാത്മികമായി അതു് ജീവിതലക്ഷ്യത്തെ പ്രാപിക്കുവാൻ സഹായിക്കുന്നു. ........................

നാ:- പ്രായോഗിക വശങ്ങളെ ചിന്തിക്കുമ്പോഴാണു് കുഴപ്പമുണ്ടാകുന്നതു്.

ശ്രീ:- ലോകാരാദ്ധ്യനായ ക്രിസ്തു ഒരു തൊഴിലാളിയായി ജനിച്ചു. തൊഴിൽചെയ്തു ജീവിച്ചു. എന്നിട്ടും ഒരു തൊഴിലാളിയുടെ മകൾക്കു് നമ്മുടെ വീട്ടിൽ ഒരംഗമായിരിക്കുവാൻ യോഗ്യതയില്ലപോലും.

........

നാ:- ഈ വിധം മററു മുതലാളിമാർ പ്രവർത്തിക്കട്ടെ.

ശ്രീ:- സമുദായം ആവശ്യമില്ലാതെ കെട്ടിനിർത്തിയിരിക്കുന്ന മുള്ളുവേലിയെ പൊളിച്ചു നീക്കുവാൻ കുറെ പേർ മുന്നോട്ടുവരണം. പൂർവ്വികന്മാരുടെ സ്വത്തു് തിന്നു സുഖിക്കുന്ന ഒരു സമ്പന്നനേക്കാൾ എത്രയോ മാന്യനാണു് തൊഴിൽചെയ്തു് ജീവിക്കുന്ന ഒരു തൊഴിലാളി. സ്വന്തം പരിശ്രമംകൊണ്ടും ധർമ്മബോധംകൊണ്ടും സമുദായത്തിൽ പടിപടിയായി ഉയർന്നുവരുന്ന മാധവപ്പണിക്കർ മാന്യനല്ലെന്നോ. എന്തധർമ്മവും ചെയ്യുന്ന ഒരു പണക്കാരനാണോ അങ്ങയുടെ മുമ്പിൽ ആരാധ്യപുരുഷൻ.

നാ:- നീയൊരു ബി. എ. കാരനാണു്. അവളോ.

ശ്രീ:- വിദ്യാഭ്യാസംകൊണ്ടു് യഥാർത്ഥ സംസ്കാരം സിദ്ധിച്ചിട്ടില്ലെങ്കിൽ വെറും ബിരുദങ്ങൾകൊ

DHARMARAM COLLEGE LIBRARY BANGALORE 19295

ണ്ടു് യാതൊരു പ്രയോജനവും ഇല്ല. സുശീല വെറം പത്താംക്ലാസുവരെ മാത്രമെ പഠിച്ചിട്ടുള്ളുവെങ്കിലും ശരിയായ സംസ്കാരം സിദ്ധിച്ചിട്ടുള്ളവളാണു്.

നാ:- എന്തൊക്കെയായാലും നീ അവളെ വിവാഹം കഴിക്കുന്നതു് എനിക്കിഷ്ടമില്ല. ഞാൻ അതിനു അനുവദിക്കുകയില്ല.

ശ്രീ:- വെറം മക്കടമുഷ്ടിപിടിക്കുന്നതു് സങ്കടമാണു്.

നാ:— ഞാനിത്രയും ശക്തിയായി ഈ കാര്യത്തെ നിരോധിക്കുമ്പോൾ അതിനെന്തെങ്കിലും കാരണമുണ്ടെന്നു് ധരിക്കേണ്ടതു് വിവേകിയായ ഒരു മകൻെറ ചുമതലയാണു്.

ശ്രീ:— ഇതു് ആ പാവപ്പെട്ട യുവതിയോടുള്ള അവഹേളനമാണു്.

നാ:— അവളെ ഞാൻ ബഹുമാനിക്കുന്നതുകൊണ്ടാണു് ഇപ്രകാരം പറയുന്നതു്. അതുകൊണ്ടു് കുഞ്ഞേ ഞാൻ പറയുന്നതു് അനുസരിക്കൂ. സുശീലയുമായിട്ടുള്ള നിൻെറ വിവാഹം ഇരുവക്കും ഭൂഷണമല്ല. (പോകുന്നു.)

ശ്രീ:— (ആത്മഗതം) ഇതെന്തു ധമ്മസങ്കടം. അച്ഛൻ ഒരു കാര്യത്തിലും ഇങ്ങനെ ശാഠ്യംപിടിക്കാറില്ലല്ലോ. ഇതിലെന്തോ ഒരു വലിയ രഹസ്യം ഒളിഞ്ഞുകിടപ്പുണ്ടു്. കാലം എല്ലാം വെളിച്ചത്താക്കാതിരിക്കയില്ല. (രാമു പ്രവേശിച്ചു്) കൊച്ചുമുതലാളിയെ കാണാൻ മേനേജർ കാത്തുനില്ക്കുന്നുണ്ടു്.

— കർട്ടൻ —

## രംഗം 8

[ലക്ഷ്മി ലീലാവതിയുടെ മുറി അടിച്ചുകൊണ്ടിരിക്കുന്നു. രാമു പ്രവേശിച്ചുകൊണ്ടു്]

രാ:— ലച്ചിമി, ലച്ചിമി........

ല:— എന്താടോ തൻെറ ചെവിട്ടില് മൂട്ട പോയി ട്ടുണ്ടോ.

രാ:— കാര്യം പറയുവാൻ വരുമ്പോഴും പെണ്ണു് കോപിക്കാൻ തൊടങ്ങും.

ല:— ഓ! ഇങ്ങനെയുണ്ടോ, ഒരു കാര്യസ്ഥൻ.

രാ:— അതന്യാ നിൻെറ തലേല് കളിമണ്ണാണെന്നു് എല്ലാരും പറേന്നതു്.

ല:— തൻെറ തലേല് ചെളിയും.

രാ:— നിൻെറ നാക്കിന്നു് എത്ര മുഴം നീളമുണ്ടോടി.

ല:— താനിന്നെൻെറ കയ്യീന്നു് മേടിക്കും.

രാ:— ആ മാസ്റ്റർസാറ് പറേനകേട്ടു നിൻെറ നാക്കിന്നു് ഒരു മുഴം നീളൊണ്ടെന്നു്.

ല:— അയാളുടെ പെണ്ണിൻെറ നാക്കിനാ.

രാ:— അതു ഞാൻ ചോദിച്ചില്ല. ആ സാറ് പറയാ ലക്ഷ്മി നീ മനുഷ്യരേ നാക്കോണ്ടാണ് അടിക്കത്രേ. ഞാനതു വിശ്വാസിച്ചില്ല. ഞാൻ പറഞ്ഞു ചൂലോണ്ടാണെന്നു്.

ല:— തനിക്കു് വേറെ തൊഴിലൊന്നുമില്ലേ.

(ലീലാവതി പ്രവേശിക്കുന്നു.)

ലീ:— എന്താ ഇവിടെ വഴക്കു്.

ല:— എൻെറ കൊച്ചമ്മേ ഞാനീ രാമേട്ടനെക്കൊണ്ടു് തോററു.

ലീ:— എന്താ രാമൂ ഇവറം പറയുന്നതു്.

രാ:— ഈ പെണ്ണുങ്ങളില്ലേ കൊച്ചമ്മെ എപ്പോഴും വത്താനംതന്നെ വത്താനം. ആ മാസ്റ്ററ്സാറ് പറഞ്ഞു- പെണ്ണുങ്ങടെ നാക്കിനു നീളം കൂടുമെന്നു്. അതുള്ളതാണോ എന്നു് ഞാൻ ലക്ഷ്മിയോടു് ചോദിക്കെ. അപ്പോ അവളെണ്ടു് മെക്കട്ടു് കേറാൻ വരുന്നു്. എങ്ങന്യാ കൊച്ചമ്മെ. കൊച്ചമ്മേം പെണ്ണല്ലേ. നാക്കിനു നീളം കൂടോ.

ലീ:— നിൻെറ മാസ്റ്റർസാറിനോടുതന്നെ ചോദിക്കു്.

രാ:— ഈ കവികളു് ഇല്ലേ കൊച്ചമ്മേ- ഒരു കൂട്ടം അരകിറുക്കന്മാരു്. അവർ പെണ്ണുങ്ങളെ മാനത്തോ

ളും പുകഴ്ത്താറുണ്ടത്രെ. കളവാണീ, സുന്ദരി, മീനൊളിക്കണ്ണി ഇങ്ങനെ ഒക്കെ. എന്നാല്" മിതഭാഷിണി എന്നാരും പറയാറില്ലത്രെ. എന്നാ ആ സാറ് പറഞ്ഞതു്.

ലീ:— നിൻെറ സാറും നീയും. (ലക്ഷ്മിയോടു്) ഈ എഴുത്തു് മേനേജൎക്കു് കൊണ്ടുകൊടുക്കണം. (കൊടുക്കുന്നു. ലക്ഷ്മി പോകുന്നു.)

രാ:— ആതൊക്കെ ഒരുതരം നോൺസൻസാണു് കൊച്ചമ്മേ.

ലീ:— നീ പോടാ- നിന്നോടു് ചോദിച്ചോ ഇതു വല്ലതും.

(പ്രഭാകരൻ പ്രവേശിക്കുന്നു.)

പ്ര:— കാര്യങ്ങൾ ഞങ്ങളുടെ പിടിയിൽ ഒതുങ്ങാത്ത വിധത്തിൽ മുന്നോട്ടു നീങ്ങിക്കഴിഞ്ഞു.

ലീ:— ഫാക്ടറി കാര്യങ്ങൾ എല്ലാം അച്ഛനോടു് പറഞ്ഞാൽമതി. അടുക്കള വിട്ടു് അരങ്ങത്തേക്കു് സ്ത്രീകൾക്കു് ഇറങ്ങേണ്ട ആവശ്യമില്ല. ആ കാര്യങ്ങളെല്ലാം നോക്കുവാൻ അച്ഛനും എൻെറ സഹോദരനും ഉണ്ടു്.

പ്ര:— തൊഴിലാളികൾ എന്തക്രമത്തിന്നും ഒരുക്കമാ യിട്ടാണു് നില്ക്കുന്നതു്. സംഗതികളുടെ ഗൗര വനില അച്ഛനോടു് പറഞ്ഞു മനസ്സിലാക്കി യാൽ കൊള്ളാം.

രാ:— എന്തീനാ സാറെ ഇതൊക്കെ ഈ പെണ്ണങ്ങളോട്ട് പറണത്ത്. പൂട്ട് ചുട്ടണതോ, അട ചുട്ടണതോ, പുളിശ്ശേരി വക്കണതോ മറേറാ ഇവരോട്ട് പറഞ്ഞാ കാര്യം ഉണ്ട്.

പ്ര:— നീ പോടാ.

രാ:— സാറല്ല എനിക്ക് ശമ്പളം തരുന്നത്.

ലീ:— ഹേ, മിസ്റ്റർ അച്ഛനെക്കണ്ട് കാര്യങ്ങളുടെ ഗൗരവമില പറഞ്ഞു മനസ്സിലാക്കൂ.

(നാരായണപ്പണിക്കർ പ്രവേശിക്കുന്നു. ലീല പോകുന്നു.)

രാമു:— തനിക്കെന്തെടോ ഇവിടെ കാര്യം.

പ്ര:— തൊഴിലാളികളുടെ ക്ഷമ ഏതാണ്ട് അവസാനിക്കാറായി.

നാ:— എന്നാൽ അവർ കോപിച്ചുകൊള്ളട്ടെ. ഹെ. നേതാവെ തൊഴിലാളികൾക്ക് ന്യായമായ കൂലിയും ബോണസും ഞാൻ കൊടുക്കുന്നുണ്ട്. അത് നീതിയാണ്. അവരുടേയും പാവങ്ങളുടേയും കഷ്ടതകളിൽ ഞാൻ സഹായിക്കേണ്ടതാണെന്ന് നിങ്ങൾ പറയുന്നു. അതെൻെറ ദയയെ ആശ്രയിച്ചാണ് ഇരിക്കുന്നത്.

പ്ര:— അങ്ങ് കുറച്ച് മനുഷ്യത്വം കാണിച്ചില്ലെങ്കിൽ തൊഴിലാളികൾ അവരുടെ അവസാനത്തെ ആയുധം എടുക്കാൻ മടിക്കയില്ല.

നാര:— ഓ, പണിമുടക്കു് അല്ലേ. ആ ആയുധം ഇളക്കി രണ്ടുപ്രാവശ്യമായി നിങ്ങഠം 1000 രൂപ തട്ടിയില്ലേ. ഏതായാലും പണിമുടക്കു് നടക്കട്ടെ. പാവപ്പെട്ട തൊഴിലാളികളെ നാശത്തിലേക്കു് തള്ളിയിട്ടു് പണം പിടുങ്ങുവാൻ നടക്കുന്ന വേതാളന്മാർ.

രാ:— അതെ മുതലാളി. ഒരെണ്ണത്തിനെ വിശ്വസിച്ചുകൂടന്നേ.

പ്ര:— മുതലാളിക്കു് കുറെക്കൂടി അനുകമ്പയുണ്ടാകാൻ ഞാൻ ഈശ്വരനോടു് പ്രാത്ഥിക്കുന്നു.

രാ:— സാറിന്നു് ഈശ്വരനില്ലല്ലോ. പിന്നെ ആരോടാണു് പ്രാത്ഥിക്കുന്നതു്.

ണാ:— എന്റെ കാര്യം ഞാൻ നോക്കിക്കൊള്ളാം. താനിപ്പോഠം കടന്നുപോകൂ.

പ്ര:— പാവങ്ങളുടെ ദീനസ്വരം അങ്ങു് കേഠംക്കണം.

ആ:— ഈ പാവങ്ങളോടുള്ള ഭയംകൊണ്ടല്ലേ മാസംതോറും 4ണ വീതം വാങ്ങി കീശയിലിടുന്നതു്. എടോ, താൻ തൊഴിലാളികളുടെ നേതാവാണെന്നു് നടിക്കുന്നുണ്ടല്ലോ. അവരുടെ മദ്യപാനം നിത്തുവാനും മിതവ്യയം ശീലിക്കുവാനും ഉപദേശിക്കയാണു് വേണ്ടതു്. ആ മാദ്ധ്യവപ്പണിക്കരെ കണ്ടുപഠിക്കൂ.

രാ:— സാറെ, വേഗം പോകാൻ നോക്കൂ. അല്ലെങ്കിൽ നിലംതൊടാതെ പോകാനൊക്കും (മുണ്ട് അരയിൽ കെട്ടുന്നു.)

നാ:— പോകുന്നതാണ് നിങ്ങൾക്ക് നല്ലത്.

പ്ര:— മുതലാളീ... ........

രാ:— ഉം, സാറെ കടക്കൂ വെളിയിൽ (പോകുന്നു.)

നാ:— രാമൂ വരൂ, എനിക്ക് കമ്പനിയിലേക്ക് ഒന്നു് പോകണം.

— കർട്ടൻ —

# രംഗം 9

[സുശീല എന്തോ ഉന്നിക്കൊണ്ടിരിക്കുന്നു. രാമു അരി കത്തു് നില്ക്കുന്നു.]

സു:— രാമേട്ടനെ കാണാൻ പ്രയാസമായി.

രാ:— (ചിരിച്ചുകൊണ്ടു്) എന്തോ വല്ലോരും പിടിച്ചു് കെട്ടീടാൻ വന്നിരുന്നോ. അന്നു് ഇ നാക്കൊക്കെ എവിടാർന്നു.

സു:— എന്തിനാ രക്ഷിക്കാൻ വന്നതു്. അവർ വെടിവെച്ചു് കൊന്നോട്ടെ എന്നു് കരുതായിരുന്നില്ലേ.

രാ:— സുശീലയമ്മെ, ഈ പെണ്ണുങ്ങളു് വല്ലകാലത്തും കുററം സമ്മതിച്ചതായി കേട്ടിട്ടുണ്ടോ. അവക്കു് എപ്പോഴും ആടിൻെറ മാതിരി പൊക്കത്തു് നില്ക്കണം. കുററമെല്ലാം ബാക്കിയുള്ളോക്കും. പേടിച്ചിറങ്ങി ചാശോല്ലാണ്ടു് നിക്കണ കണ്ടപ്പോ. ഈയുള്ളോൻ ജീവനെ മറന്നു് രക്ഷിച്ചതിനു് പറേണ കേട്ടില്ലേ.

സു:— ഞാൻ മരിച്ചാൽ രാമൂനു് എന്താ നഷ്ടം.

രാ:— എന്നാ ലോകത്തിലെ കലഹം കുറെ കുറഞ്ഞു.

'കാമിനിമൂലം കലഹം പലവിധമുലകിൽ സുലഭം' എന്നല്ലേ കുഞ്ചൻനമ്പ്യാർ പറേണതു്.

സു:— രാമേട്ടനു് കവിത അറിയാലോ.

രാ:— പിന്നില്ലേ. നാലാംക്ലാസില്വ് കൊല്ലം നാലണ്ടു് പഠിച്ചതു്. ഒന്നുരണ്ടല്ല.

സു:— രാമേട്ടൻെറ വീടെവിടെയാണു്.

രാ:— മണ്ണംപറമ്പില്വ്.

സു:— വിവാഹം കഴിഞ്ഞിട്ടുണ്ടോ.

രാ:— ജോലി ഒഴിഞ്ഞിട്ടു് അതിനു് നേരം വേണ്ടേ. ഇനി ജോലി ഇല്ലാത്ത നേരത്തു് ഒന്നിനെ കെട്ടിവലിച്ചു് കൊണ്ടുവരാമെന്നു് വച്ചാൽ വക്കത്തുള്ള ഒന്നിനെ കിട്ടണ്ടെ.

സു:— അതിനിത്ര പ്രയാസമാണോ.

രാ:— എന്തു് പറഞ്ഞു് എൻെറ തുശീലഅമ്മെ. ആണുങ്ങളെ മൂക്കുകയറിട്ടു നിത്തുന്ന ചില പെണ്ണുങ്ങളുണ്ടു്. അവരെ കിട്ടുണോൾക്കു് ദൂരിതാ ദുരിതം. ഇനി വേറൊരു കൂട്ടരുണ്ടു്. അവൾക്കു് ഭർത്താക്കന്മാരെ എപ്പോഴും സംശയാ. വല്ല പെണ്ണുങ്ങളുടെ മുകത്തൊന്നു് അറിയാതെ നോക്കിപ്പോയാൽ തുടങ്ങും നാക്കിട്ടു് തല്ലാൻ. ഇൗ കൂട്ടരെ കിട്ടുന്നോൾക്കു് കിക്കു് പിടിക്കും.

സു:— ഈ കുററങ്ങളൊന്നും ഇല്ലാത്ത ഒരുവളെ കാട്ടി ത്തന്നാൽ രാമേട്ടൻ വിവാഹം ചെയ്യോ.

രാ:— എനിക്കു് ജോലി ഒന്നും ഇല്ലെങ്കിൽ അപ്പോഠം നോക്കാം. കല്യാണം കഴിച്ച് സുഖമായി ഇരിക്കാനുള്ള യോഗം ആക്കാണു്. പണക്കാ ക്കു്. സുശീല അമ്മ ഇപ്പം പണക്കാരി ആ യില്ലെ.

സു:— അയ്യോ രാമേട്ടാ, അച്ഛൻ ഇന്നും ഒരു തൊഴി ലാളിയാണു്.

രാ:— അപ്പം 1000 രൂപാക്കു് വയലു് വാങ്ങിയശേ ഷം പറമ്പു വാങ്ങിയതോ.

സു:— എത്ര ത്യാഗം അതിനുവേണ്ടി സഹിച്ചുവെന്നു് രാമേട്ടനു് അറിഞ്ഞുകൂടെ. എന്നിട്ടും തൊഴി ലാളികഠം ഞങ്ങളെ വെറുപ്പോടെയാണു് നോ ക്കുന്നതു്. ഈ കമ്പനിയിലെ തൊഴിലാളിക ളിൽ അധികഭാഗവും കമ്മ്യൂ. കാരാണെന്നാ പറേണതു്. എന്താ രാമേട്ടാ ഈ കമ്മ്യൂണി സം എന്നു പറഞ്ഞാൽ.

രാ:— കള്ളുകുടിച്ചും തോന്ന്യാസംചെയ്തും മുതലെ ക്കെ പോയി പാപ്പരക്കു് ശീട്ടുവാങ്ങിയോരു്, വേലയെടുക്കാൻ മടിയുള്ള കുഴിമടിയന്മാരു്, മുതലാളിമാരുടെ സൊകം കണ്ടു് കണ്ണുകടിയു ള്ളോരു്, വല്ലോരും വിയത്തുണ്ടാക്കിയ മൊത ലു് വെറുതെ ഇരുന്നു് തിന്നാൻ മോഹമു ള്ളോരു്, ദൈവത്തെ മറന്നു് തെമ്മാടിത്തം

ചെയ്യാൻ കൊതിക്കുന്നോരു്, നേതാവാകാൻ ആഗ്രഹിക്കുന്നോരു്— ഇവരൊക്കെ കൊണ്ടുനടക്കുന്ന ഒരു ഏർപ്പാടാണെന്നാ ആ മാസ്റ്ററു് സാറു് പറഞ്ഞതു്.

സു:— അവർ പാവങ്ങളെ ഉദ്ധരിച്ചു് നാട്ടു് നന്നാക്കുമെന്നു് പറയുന്നുണ്ടല്ലോ.

രാ:— പാവങ്ങളെ നന്നാക്കാൻ ദൈവം ഇല്ലെന്നു പറയണോ. തോന്ന്യാസായിട്ടു് നടക്കാനാണു് അവരങ്ങനെ പറയണതു്. ഒരു കമ്മ്യൂണിസക്കാരൻ ഒരു നയാപൈസ ധർമ്മംകൊടുക്കണില്ലന്നാ ആ സാറു് പറഞ്ഞതു്.

സു:— മുതലാളിമാരുടെ സ്വത്തൊക്കെ ഒരുമിച്ചുകൂട്ടി തൊഴിലാളികൾക്കു് വീതിച്ചുകൊടുക്കുമെന്നാ കേട്ടതു്.

രാ:— വീതിക്കും- കുരങ്ങു് അപ്പം പങ്കുവെച്ചമാതിരി വീതിക്കും. (ചെവി ഓർത്തിട്ടു്) മൊതലാളി വിളിക്കുന്നുണ്ടു് പോകട്ടെ.

സു:— ഓ നേരം വൈകി, പശുക്കളെ തൊഴുത്തിലാക്കിയിട്ടില്ല. (പോകുന്നു.)

— കർട്ടൻ —

# രംഗം 10

[നാരായണനുണ്ണിക്കുട്ടം, ലീലയും, ശ്രീധരനും സംസാരിക്കുന്നു.]

ശ്രീ:— അച്ഛാ, ഉയർന്നുവരുന്ന ജനക്ഷോപത്തെ വെറുതെ മധുരം പുരട്ടിയ വാക്കുകൾകൊണ്ടു് ഒതുക്കി നിർത്താൻ വിചാരിക്കുന്നതു് അപദ്ധമാണു്.

ലീ:— ഈ പ്രവാഹത്തെ വെറും പൂഴി വാരിയിട്ടു് തടയാമെന്നു് അച്ഛൻ കരുതരുതു്.

ശ്രീ:— പണത്തിൻെറ ശക്തികൊണ്ടു് ഈ മുന്നേററത്തെ ഒരു പക്ഷെ തടയാമായിരിക്കാം. പക്ഷെ ജനങ്ങളുടെ മനോഭാവത്തെ മാററുവാൻ പണത്തിനു് ശക്തിയില്ലച്ഛാ.

നാ:— തൊഴിലാളികൾക്കു് ന്യായമായി കൊടുക്കേണ്ട കൂലിയും ബോണസ്സും ഞാൻ കൊടുക്കുന്നില്ലേ. പിന്നെ എന്തിനു് കമ്മ്യൂണിസ്റ്റ്കാരെ കൂട്ടുപിടിച്ചു് അവർ വിപ്ലവം ഉണ്ടാക്കുന്നു.

ശ്രീ:— അവർ കമ്മ്യൂണിസ്റ്റ്കാരെ കൂട്ടുപിടിച്ചതല്ല. പഴുതു കണ്ടപ്പോൾ അവർ തൊഴിലാളികളെ

പാട്ടിലാക്കി കുഴപ്പം സൃഷ്ടിച്ചു് മുതലെടുക്കുക യാണു്. പക്ഷെ ഏതു വിപ്ലവത്തിനും കച്ച കെട്ടി ഇറങ്ങുന്ന മനഃസ്ഥിതി ജനങ്ങളിൽ ഉണ്ടാക്കുന്നതു് നാം തന്നെയാണു്.

നാ:— എൻെറ സ്വത്തിന്മേൽ അധർമ്മത്തിൻെറ ചളി ലവലേശം പുരണ്ടിട്ടില്ല. ന്യായമായ മാർഗ്ഗത്തിൽക്കൂടെയാണു് ഞാൻ സമ്പാദിച്ചിട്ടുള്ളതു്.

ലീ:— അങ്ങു് അധർമ്മമായി സമ്പാദിച്ചുവെന്നു് ഞങ്ങൾ പറയുന്നില്ല.

ശ്രീ:— പാവങ്ങളുടെ മറപിടിച്ചു് സ്വന്തം മടിശ്ശീല വീർപ്പിക്കുവാൻ ലാക്കു് നോക്കുന്നവരെ രാജ്യത്തിൽനിന്നു് അകററണമെങ്കിൽ അങ്ങയുടെ ദയാശീലം പാവങ്ങളുടെ ചെററപ്പുരകളിലേക്കും ചെല്ലേണ്ടിവരും.

ലീ:— അച്ഛാ, അങ്ങു് ഇന്നത്തെ മനോഭാവത്തിന നുസരിച്ചു് മാറുന്നില്ലെങ്കിൽ സാഹചര്യം അങ്ങയെ മാററും.

ശ്രീ:— ചിലപ്പോൾ അതു് മനുഷ്യരക്തത്തിൽ മുങ്ങി ക്കുളിച്ചതിനുശേഷമായിരിക്കും.

നാ:— നിങ്ങൾ രണ്ടുപേരുംകൂടി എന്നെ ഭ്രാന്തു പിടി പ്പിക്കും.

ശ്രീ:— അച്ഛാ, സുഖത്തിൻെറ പൂമെത്തമേൽ നാമിന്നു് സുഖിക്കുന്നു. അതേ സമയം ചുരുണ്ടു് കിടക്കുവാൻ ഒരു കുടിലോ, നഗ്നത മറക്കുവാൻ ഒരു കഷ്ണം തുണിയോ, വിശപ്പടക്കുവാൻ കുറച്ചു കഞ്ഞിയോ കിട്ടാതെ എത്ര പാവങ്ങൾ നമ്മുടെ ചുററും എരിപൊരികൊള്ളുന്നു. അതു് അങ്ങു് അറിയുന്നില്ല.

ലീ:— നമ്മുടെ കൃഷിക്കാരും തൊഴിലാളികളും വിയർത്തുണ്ടാക്കിയ പണമല്ലെ നമ്മുടേതു്? അതിലൊരു ഭാഗം അവർക്കുള്ളതല്ലേ. അവരുടെ കഷ്ടത കാണുമ്പോൾ അങ്ങേക്കു് ഒരു വികാരവും തോന്നുന്നില്ലേ? അങ്ങയുടെ ഹൃദയം മരവിച്ചുപോയോ?.

നാ:— ഹാവൂ എനിക്കു് വയ്യ. എനിക്കു് വീർപ്പുമുട്ടുന്നു.

ശ്രീ:— അച്ഛാ, ജനങ്ങൾ ഉയർന്നുകഴിഞ്ഞു.

നാ:— ഞാനെന്തു് ചെയ്യണമെന്നാണു് നിങ്ങൾ പറയുന്നതു്.

ശ്രീ:— നമ്മുടെ സ്വത്തുക്കൾ പാവങ്ങൾക്കു് വീതിച്ചു കൊടുക്കണമെന്നല്ല ഞങ്ങൾ പറയുന്നതു്. പാവങ്ങളുടെ കഷ്ടതകൾ പരിഹരിക്കുന്നതിനു് നമ്മുടെ സ്വത്തു് വിനിയോഗിക്കണം.

നാ:— (ആലോചിച്ചിട്ടു്) ശരി. ഇതെപ്പററി ഞാനും

ലോചിക്കട്ടെ. അടുത്തുതന്നെ വേണ്ടതു് ചെ യ്യാം. മാധവപ്പണിക്കരെ ഉടനെ വരുത്തണം. അദ്ദേഹത്തിൻെറ അഭിപ്രായം ഈ അവസര ത്തിൽ നല്ലതാണു്.

ശ്രീ:— അദ്ദേഹം പാവങ്ങളുടെ സ്നേഹിതനാണു്.

(നാരായണപ്പണിക്കരും ശ്രീധരനും പോകുന്നു. രാമു പ്രവേശിക്കുന്നു.)

രാ:— കൊച്ചമ്മെ മേനേജർസാർ കാത്തുനില്ക്കുന്നു.

ലീ:— കടന്നുവരാൻ പറയൂ.

(ഗോപിനാഥൻ പ്രവേശിക്കുന്നു. രാമു പോകുന്നു.)

ലീ:— ഇപ്പോഴെങ്കിലും ഈ പാവത്തിനെ അന്വേഷി ക്കുവാൻ തോന്നിയല്ലോ.

ഗോ:— എന്തു ചെയ്യാം ലീലേ- സമയം കിട്ടണ്ടേ? പോരെങ്കിൽ തൊഴിലാളികൾ പ്രക്ഷോപണ ത്തിന്നു് ഒരുങ്ങി നില്ക്കുന്നു. അവരെ പറ ഞ്ഞൊതുക്കുവാൻ ഞാനെത്ര പാടുപെടുന്നു.

(രാമു പ്രവേശിച്ചു്)

എന്തിനാ സാറെ ഈ നട്ടുച്ചക്കു് കള്ളം പറ യുന്നതു്? ദഹിക്കില്ല സാറെ. സാറല്ലേ ഈ ലഹളയുടെ ചരടു് വലിക്കുന്നതു്.

ലീ:— നീ പോടാ. നിന്നെ ആരു് വിളിച്ചു ഇങ്ങോട്ടു്.

രാ:— ഞാൻ പൊയ്ക്കൊള്ളാമേ. (പോകുന്നു)

ഗോ:— അപ്പോൾ ലീലെ, ഭവതിയുടെ പ്രേമത്തിൻെറ ത്തുമകരന്ദം സദാ പാനം ചെയ്തുകൊണ്ടാണു് ഇവൻ നാളുകൾ കഴിക്കുന്നതു്.

ലീ:— വിവാഹത്തെപ്പററി ഞാൻ അച്ഛനോടു് പറയട്ടെ?.

ഗോ:— വരട്ടെ, സമയമായിട്ടില്ല.

(ശ്രീധരൻ പ്രവേശിച്ചു്, കോപത്തോടെ.)

ശ്രീ:— ഇല്ല. സമയമായിട്ടില്ല. ഒരിക്കലും സമയമാവുകയില്ല. ഹേ, ഗോപിനാഥൻ നിങ്ങളെ കമ്പനിയുടെ മേനേജരായി അച്ഛൻ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അവിടെ ഇരുന്നു് ജോലി നോക്കിക്കൊള്ളണം.

ലീ:— ജ്യേഷ്ഠാ, ഞാനാണു് അദ്ദേഹത്തെ വരുത്തിയതു്.

ശ്രീ:— ഉം. ശബ്ദിച്ചുപോകരുതു്.

ഗോ:— ശ്രീധരാ, എൻെറ അവിവേകത്തെ ക്ഷമിക്കണം.

ശ്രീ:— ഉം. കടക്കു പുറത്തു്.

ഗോ:— ശ്രീധരാ.......

(രാമു പ്രവേശിച്ചു്.)

രാ:— വെയിലു് മൂക്കുംമുമ്പു് അങ്ങോട്ടു് പോകാ സാറെ നല്ലതു്. വെറുതെ കുലുമാലിററീസൊന്നും ഉണ്ടാക്കണ്ട. (ഗോപി പോകുന്നു.)

ശ്രീ:— (ലീലയോടു്) കുടുംബത്തിന്റെ മാനം കെടുത്തുന്ന ശവം.

ലീ:— ജ്യേഷ്ഠൻ എന്നെ തെററിദ്ധരിക്കുന്നു.

ശ്രീ:— അല്ല. ഞാൻ ശരിയായിത്തന്നെ ധരിച്ചിട്ടുണ്ടു്.

രാ:— മൂക്കൻപാമ്പു് ആഞ്ഞു് കൊത്തും കൊച്ചമ്മേ. കൊത്തിയാൽ വിഷം ഏറങ്ങില്ല.

ലീ:— ജേഷ്ഠാ........ (കരയുന്നു.)

ശ്രീ:— പോ. അപ്പുറത്തേക്കു്.

രാ:— ഇതൊന്നും അത്ര സാരമില്ല കൊച്ചമ്മേ. (ലീല പോകുന്നു.)

ശ്രീ:— രാമൂ. നമുക്കു് പുറത്തിറങ്ങി വരാം.

(രണ്ടുപേരും പോകുന്നു)

— കർട്ടൻ —

# രംഗം 11.

[ഗോപിനാഥനും പ്രഭാകരനും സംസാരിക്കുന്നു.]

ഗോ:— പ്രഭാകരാ അപജയത്തിൻെറ കണ്ണുരുട്ടൽ കണ്ടു് ഭയപ്പെടരുതു്.

പ്ര:— എല്ലാ അടവുകളിലും നമുക്കു് തോൽവിയാണല്ലോ.

ഗോ:— ഛീ. ഭീരു. പരാജയം വിജയത്തിൻെറ നാന്ദിയല്ലെ. ഒരടവിൽ നാം തോററാൽ പുതിയ ഒരടവിനുള്ള കരുത്തു് അതിൽനിന്നും ലഭിക്കും. നിരാശത ഒരു കമ്മ്യൂണിസ്ററുകാരൻെറ സഹചരനല്ല. എവിടെ തോററുവെന്നാണു് നീ പറയുന്നതു്. തൊഴിലാളികൾ നമ്മുടെ ഭാഗത്തില്ലേ. വിപ്ലവത്തിന്നു് അവർ സന്നിഹിതരല്ലേ.

പ്ര:— ശ്രീധരൻെറയും ലീലാവതിയുടേയും പ്രേരണ കൊണ്ടു് മുതലാളി തൊഴിലാളികൾക്കും പാവങ്ങൾക്കും വേണ്ട ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കാൻ പോകുന്നുവെന്നു് കേട്ടു. അങ്ങിനെയെങ്കിൽ അവരെല്ലാം നമ്മിൽനിന്നും അകന്നുപോകും.

ഗോ:— മുതലാളികഠം കൂടുതൽ നിർദ്ദയരാവുക. ജനങ്ങഠം പട്ടിണികിടന്നു് മരിക്കുക. ഈ പരിതസ്ഥിതിയിലാണു് കമ്മ്യൂണിസം തഴച്ചുവളരുക.

പ്ര:— എന്നാൽ ഇപ്പോഴത്തെ പരിതസ്ഥിതി നമുക്കു് അനുകൂലമല്ല.

ഗോ:— എന്തുകൊണ്ടു്.

പ്ര:— സ്വന്തം പരിശ്രമംകൊണ്ടു് സാമ്പത്തികമായി ഉയരാമെന്നു് മാധവപ്പണിക്കർ കാണിച്ചുകൊടുക്കുന്നു. അയാളുടെ ദൃഷ്ടാന്തം തൊഴിലാളികഠക്കു് പ്രചോദനംനല്കുന്നുണ്ടു്.

ഗോ:— അതുകൊണ്ടല്ലേ, അയാളെ പാട്ടിലാക്കുവാനോ, കൊന്നുകളയുവാനോ നമ്മഠം ഒരുങ്ങിയതു്.

പ്ര:— അപ്പോഴേക്കും ആ രാമു അവിടെ ചാടിവീണു.

ഗോ:— നമ്മെ അവനു് മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല.

പ്ര:— മുതലാളിയുടെ അടുക്കൽനിന്നും എനിക്കു് കിട്ടിയതു് പണമല്ല; നല്ലൊരു ആട്ടാണു്.

ഗോ:— നീ ഭയപ്പെടാതിരിക്കു ലീലാവതിയും ഞാനുമായുള്ള വിവാഹം കഴിയട്ടെ.

പ്ര:— അത്ര എളുപ്പം നടക്കുമെന്നു തോന്നുന്നില്ല.

ഗോ:— കാരണം?.

പ്ര:— ശ്രീധരൻ അതിനു് അനുകൂലി അല്ല.

ഗോ:— അതു് സാരമില്ല. വിവാഹത്തിനു് അനുകൂലിച്ചാലും അല്ലെങ്കിലും അവൻ മരിക്കണം.

പ്ര:— എന്തിനു്?

ഗോ:— അവൻ ജീവിച്ചിരിക്കുമ്പോൾ മുതലാളിയുടെ സ്വത്തു് മുഴുവനും എനിക്കു് കിട്ടുകയില്ല.

പ്ര:— എന്നാൽ ആ സ്വത്തിൽ നല്ലൊരു ഭാഗം ഔദാര്യപ്രവൎത്തികൾക്കായി ചിലവിടുന്നതിനു മുമ്പായി അവിടെ കയറിപ്പററുവാൻ നോക്കണം.

ഗോ:— അയാൾ സുഖമില്ലാതെ കിടക്കുകയാണു്. മരുന്നിൽ വിഷപ്രയോഗമാണു് നല്ലതു്. അപ്പോൾ സംശയത്തിനവകാശമില്ല.

പ്ര:— മാധവപ്പണിക്കരെ ഇങ്ങനെ സ്വതന്ത്രനാക്കി വിട്ടാലോ.

ഗോ:— അയാളിന്നു് തൊഴിലാളികളുടെ മുമ്പിൽ ഒരു ചോദ്യചിഹ്നമാണു്. അതു് നന്നില്ല. എന്നാലും കാക്കക്കൂട്ടത്തിൽ ഒരു കൊക്കുമാത്രം.

പ്ര:— (നോക്കീട്ടു്) നമ്മുടെ രാമു വരുന്നുണ്ടു്.

ഗോ:— അവൻ വിശ്വസ്തനാണോ?

പ്ര:— എനിക്കു് ചില സംശയങ്ങൾ തോന്നിയിട്ടുണ്ടു്.

ഗോ:— അവനെക്കൊണ്ടു് എന്തു് സാധിക്കും. ഒരു പട്ടവങ്കൻ.

പ്ര:— അങ്ങിനെ വിചാരിക്കേണ്ട. നീക്കോലി മതി അത്താഴം മുടക്കാൻ.

(രാമു പ്രവേശിക്കുന്നു.)

ഗോ:— എന്താ രാമൂ തോളിലിരുന്നു് ചെവി തിന്നുന്നോ?

രാ:— സാറന്മാരു് ഇങ്ങനെ അർത്ഥത്തിൽ പറഞ്ഞാലു് ഈ രാമൂനു് എന്തു് തിരിയാനാ.

പ്ര:— നീ ഞങ്ങളുടെ ഭാഗത്തു് നിന്നിട്ടു് ചിലപ്പോൾ മറുഭാഗത്തേക്കു് ചായുന്നുണ്ടല്ലോ.

രാ:— ഒരു കണക്കിനു് ഈ സാറന്മാരു് ഭോഷന്മാരാ.

ഗോ:— എന്താ, അതു്.

രാ:— ഞാൻ മുതലാളീടെ വീട്ടിലല്ലേ നില്ക്കണതു്. ഞാനൊരു കമ്മ്യൂണിസാണെന്നു് അവർക്കൊക്കെ

അറിഞ്ഞുകൂടാ. എന്നിട്ടും ഞാൻ സാറന്മാരുടെ ഭാഗത്തുനിന്നു് സംസാരിച്ചാൽ അവർക്കെന്തുതോന്നും. നമ്മുടെ കാര്യങ്ങളുടെ ഗുട്ടൻസ് ഈ രാമു വിട്ടുകൊടുക്കുമോ.

പ്ര:— രാമു മിടുക്കനാണെന്നു് ഞങ്ങൾക്കറിയാം.

രാ:— തക്കത്തിന്നു് നില്ക്കാൻ ഈ രാമൂന്നു് അറിഞ്ഞുകൂടെ.

ഗോ:— മാധവപ്പണിക്കരുടെ വീട്ടിൽ രാത്രി അക്രമത്തിന്നു് വന്നവരെ പിടികിട്ടിയോ, രാമൂ.

രാ:— എവിടെ കിട്ടാനാ ചെത്താന്മാരുടെ മാതിരി ഓടിയില്ലെ കാലന്മാരു്.

പ്ര:— ആ ശ്രീധരന്നു് സുശീലയോടു് സ്നേഹമുണ്ടെടാ?

രാ:— ഈ തുശീലകൊച്ചമ്മ പുള്ളി ആരാണെന്നറിയോ. പെണ്ണുങ്ങളുടെ സഭ ഉണ്ടാക്കി എത്ര പെണ്ണുങ്ങൾക്കാ പണമുണ്ടാക്കിക്കൊടുക്കണെതു്.

ഗോ:— വേണ്ട രാമൂ. അതു് നമുക്കു് ദോഷമായിത്തീരും. അവരുടെ ദാരിദ്ര്യം തീരും. പിന്നെ ആ മാധവപ്പണിക്കരുടെ ആശയങ്ങൾ അവൾ അവരെ പഠിപ്പിക്കും.

രാ:— എന്തിനാ തുശീലഅമ്മെ ഈ ആവശ്യമില്ലാത്ത തങ്കോം മററം ഉണ്ടാക്കുന്നതു് എന്നു് ഞാൻ ചോദിച്ചേ.

ഗോ:— നല്ല ചോദ്യം. നീ മിടുക്കൻ. തൊഴിലാളി സ്ത്രീകഠം മിതവ്യയം പഠിക്കുകയും കൈത്തൊഴിൽ ശീലിക്കയും ചെയ്താൽ നമ്മഠം മുടിഞ്ഞതു തന്നെ.

രാ:— അതറിഞ്ഞുകൂടെ ഈ രാമുന്നു്. (ലക്ഷ്മി പ്രവേശിച്ചു്) മാനേജർസാറിനെ മുതലാളി കാണണമെന്നു് പറയുന്നു.

ഗോ:— വരൂ പ്രഭാകരാ, നമുക്കൊരുമിച്ചു് പോകാം. (രണ്ടുപേരും പോകുന്നു.)

രാ:— എന്താ ലച്ച്മി ഇന്നു് വല്ലാത്ത ഭാവത്തിലാണല്ലോ.

ല:— അതിന്നു് തനിക്കെന്താ നഷ്ടം.

രാ:— അപ്പൊ ലച്ച്മി, ആ പണിക്കരച്ചൻ പറേണ കേട്ടു നിൻെറ ജാതകത്തില് കല്യാണത്തിന്നു് യോഗം ഇല്ലാന്നു്.

ല:— ഫാ, ഏരപ്പെ. താനാ അതു് നിശ്ചയിക്കാൻ.

രാ:— (ചിരിച്ചുകൊണ്ടു്) എടാ വിഷമമേ, ഇങ്ങനെ മൂത്തു നരച്ചു് നില്ക്കുണകണ്ടപ്പൊ സങ്കടംകൊണ്ടു് ചോദിച്ചതാ, അപ്പഴക്കും മെക്കട്ടു് കേറാൻ വന്നാലോ.

ല:— അത്ര മൂത്തു് നരച്ചിട്ടൊന്നുമില്ല. എനിക്കു് 22 കഴിഞ്ഞിട്ടേയുള്ളു.

രാ:— അപ്പൊ വയസ്സില്ലാത്ത കാലോം ഉണ്ടായിരുന്നു അല്ലേ.

ല:— ഇതൊക്കെ താനെന്തിനാ അന്വേഷിക്കണെതു്.

രാ:— ലച്ച്മി ഇങ്ങനെ ആക്കുംവേണ്ടാണ്ടു് നിക്കണെ കണ്ടപ്പോറം രാമു അങ്ങ്ട്ടു് കല്യാണം കഴിച്ചാലോ എന്നു് വിചാരിക്ക്യെ.

ല:— (ചിരിച്ചിട്ടു്) എന്നാ അതു് നേരത്തെ പറയായിരുന്നില്ലേ. താനെപ്പെഴും ഇഞ്ചിതിന്ന കുരങ്ങിന്റെ ജാതി നിക്കുമ്പോഴാ എനിക്കു് ദേഷ്യം വരണെതു്.

രാ:— നീയൊരു പെണ്ണു്, നിനക്കൊരു് ആണു് വേണം. ഞാനൊരാണു് എനിക്കൊരു പെണ്ണും വേണം. എന്നാ നമ്മള് രണ്ടാളും കല്യാണം കഴിച്ചാലെന്താ എന്നു വിചാരിക്ക്യാ.

ല:— എനിക്കു് സമ്മതാ.

രാ:— (നോക്കീട്ടു്) കൊച്ചമ്മയും കൊച്ചുമൊതലാളീം വരുന്നുണ്ടു്. നമുക്കു പോകാം.

(രണ്ടു പേരും പോകുന്നു.)

— കർട്ടൻ —

# രംഗം 12

[നാരായണപ്പണിക്കർ, ഗോപിനാഥൻ, മാധവപ്പണിക്കർ, പ്രഭാകരൻ, ശ്രീധരൻ എന്നിവർ സംസാരിക്കുന്നു.]

ഗോ:— മുതലാളി, തൊഴിലാളികൾ അവരുടെ അവസാനത്തെ ആയുധമാണ് പ്രയോഗിക്കുന്നത്. ഇരുകൂട്ടർക്കും വലിയ നഷ്ടം സംഭവിക്കും.

പ്ര:— തൊഴിലാളികളുടെ കാര്യത്തിൽ ഇങ്ങനെ മക്കടമുഷ്ടി പിടിക്കുന്നത് ശരിയല്ല.

മാ:— നിങ്ങളുടെ അവകാശങ്ങൾ യാതൊരു വിധത്തിലും നടക്കാതെ വരുമ്പോഴല്ലേ പണിമുടക്ക്. ഇവിടെ മുതലാളി കൂടുതൽ കൂലിയും ലാഭത്തിൽ പകുതി ബോണസ്സും നൽകുന്നുണ്ട്. ഇല്ലെന്നു് മാനേജർ പറയട്ടെ.

ഗോ:— ഇല്ലെന്നു് ഞാൻ പറയുന്നില്ല.

മാ:— പിന്നെ ഈ പണിമുടക്കിൻെറ ആവശ്യം.

ശ്രീ:— തൊഴിലാളികളുടെ കുടുംബങ്ങൾ വളരെ കഷ്ടപ്പെടുന്നുണ്ട്.

നാ:— കഷ്ടപ്പാട് കൂലി ഇരട്ടിച്ചാലും തീരുകയില്ല.

പ്ര:— കാരണം.

നാ:— അവർ മിതവ്യയം ശീലിക്കയും മദ്ധ്യപാനം സിനിമ മുതലായവ ഉപേക്ഷിക്കാതിരിക്കുകയും ചെയ്യുന്നിടത്തോളം കാലം തൊഴിലാളികൾ ഉയരുകയില്ല. മാധവപ്പണിക്കരുടെ ദൃഷ്ടാന്തം എല്ലാ തൊഴിലാളികളും സ്വീകരിച്ചിരുന്നെങ്കിൽ.

ഗോ:— മുതലാളി അവക്കെന്തെങ്കിലും ചെയ്യണം.

നാ:— തൊഴിലാളികൾ കഷ്ടപ്പെടുന്നുണ്ടെങ്കിൽ സഹായിക്കാൻ ഞാൻ ഒരുക്കമാണു്. എന്നാൽ വഷളെടുത്തിട്ടല്ല ഒരുവനോടു് സഹായം അപേക്ഷിക്കുന്നതു്.

പ്ര:— ഒരു നാട്ടിലെ പാവങ്ങളെ ഉദ്ധരിക്കാനുള്ള ചുമതല അവിടത്തെ മുതലാളിമാക്കുള്ളതാണു്.

മാ:— ഓരോ വീട്ടിലേക്കും നിത്യം അരി അളന്നുകൊടുത്താൽ മുതലാളിയുടെ പണം എത്ര നാളത്തേക്കുണ്ടാകും. മാനേജരുടെ ശമ്പളം എത്രയാണു്.

ഗോ:— 200 രൂപ.

മാ:— നിങ്ങൾക്കു് ഭാര്യയില്ല കുട്ടികളില്ല. എന്നിട്ടു് ഒരു ദരിദ്രനു് 8ണയെങ്കിലും കൊടുത്തിട്ടുള്ള ഒരു സംഭവം പറയാമോ. ഈ നിങ്ങളാണോ സാധുസംരക്ഷണത്തിന്നായി വാദിക്കുന്നതു്.

നാ:— മാധവപ്പണിക്കരുടെ മകൾ എത്ര ഭംഗിയായി

തൊഴിലാളിസ്ത്രീകളുടെ ഒരു സംഘടന നടത്തുന്നു. ഇപ്പോഠം അതിലെ അംഗങ്ങഠംക്കു് ഒരു ചെറിയ മൂലധനമുണ്ടു്.

പ്ര:— ഞങ്ങഠംക്കുമുണ്ടു് സംഘടന.

മാ:— വരിസംഖ്യ എത്രയാണു്.

പ്ര:— നാലണമാത്രം.

നാ:— ആ സംഖ്യ ആരുടെ കയ്യിലാണു്.

ഗോ:— പ്രഭാകരൻെറ.

മാ:— ആ സംഖ്യ മുഴുവനും ശമ്പളമായി അയാളെടുക്കുന്നു. അല്ല, വല്ല സഹായവും ഒരു തൊഴിലാളിക്കു് ചെയ്തിട്ടുണ്ടോ?

പ്ര:— ഇല്ല.

നാ:— അപ്പോഠം ഇത്തരം സംഘങ്ങഠംകൊണ്ടു് എന്തു് പ്രയോജനമാണു് സിദ്ധിക്കുന്നതു്.

ഗോ:— ഞങ്ങളുടെ ലക്ഷ്യം പൊതുഗുണമാണു്. വ്യക്തിപരമല്ല.

നാ:— മുതലാളിമാരോടു് എതിക്കാൻ അല്ലേ. (അണിയറയിൽ) ഇങ്കുലാബു് സിന്ദാബാദു്, കൂലി വർദ്ധിപ്പിക്കണം, ബോണസ്സു് കൂട്ടണം, ഇങ്കുലാബു് സിന്ദാബാദു്.

നാ:— തൊഴിലാളികളെ സഹായിക്കാൻ ഞങ്ങറം ആലോചിച്ചുവരികയാണു്. അതിനു മുമ്പു് ഈ പണിമുടക്കു് നീതിരഹിതമാണു്. പണിമുടക്കു് പിൻവലിക്കുന്നോ?.

ഗോ:— മുതലാളി ചെയ്യാൻ ഉദ്ദേശിക്കുന്നതു് ഇപ്പോറം ചെയ്യുകൂടെ.

നാ:— ഇല്ല. ആദ്യം പണിമുടക്കു് പിൻവലിക്കൂ. പിന്നീടു് ആലോചിക്കാം.

പ്ര:— പിൻവലിക്കാൻ ഉദ്ദേശിച്ചിട്ടില്ല.

നാ:— എന്നാൽ അതു് നടക്കട്ടെ. എവിടെചെന്നു് അവസാനിക്കുമെന്നു് നമുക്കു് കാണാമല്ലോ. എന്നാൽ നമുക്കു് പിരിയാം.

(രാമു പ്രവേശിച്ചു്) തൊഴിലാളികറം കമ്പിനിയുടെ ഗെയററ്പടിയൊക്കെ തല്ലിത്തകർത്തു. വാതിൽ കുത്തിപ്പൊളിച്ചു് അകത്തു് കടക്കുവാൻ ശ്രമിക്കുന്നു. കമ്പിനിക്കു് തീ വെക്കുമെന്നാ പറയുന്നതു്. (അണിയറയിൽ) ഇങ്കലാബു് സിന്ദാബാദ്.

നാ:— അവർക്കിഷ്ടമുള്ളതു് ചെയ്യട്ടെ. അവർക്കുള്ള കുഴി അവർതന്നെ തോണ്ടുകയാണു്.

രാ:— ഒരെണ്ണത്തിനെ ഞാൻ കമ്പിനിയുടെ ഉള്ളിൽ കടത്തുകേല.

(പോലീസ് ഇൻസ്പെക്ടർ പ്രവേശിക്കുന്നു. എല്ലാവരും എഴുന്നേല്ക്കുന്നു.)

ഇൻ:— മിസ്റ്റർ നാരായണപ്പണിക്കർ അക്രമികളായ തൊഴിലാളികളെ ഞാൻ അറസ്റ്റ് ചെയ്തിട്ടുണ്ട്.

നാ:— അറസ്റ്റ്ചെയ്ത തൊഴിലാളികളെ ഉപദ്രവിക്കരുതു്. അവർ നിരപരാധികളാണ്. ചില നേതാക്കന്മാരുടെ ദുരുപദേശങ്ങൾക്ക് വഴങ്ങിയെന്നുമാത്രം.

ഇൻ:— ആ നേതാക്കന്മാരെ എന്റെ കയ്യിൽ കിട്ടും. വരൂ, നമുക്ക് കമ്പനിയിലേക്ക് പോകാം.

(എല്ലാവരും പോകുന്നു. ഗോപിനാഥൻ പിന്നെയും നില്ക്കുന്നു.)

ഗോ:— (ആത്മഗതം) കാര്യങ്ങൾ കുഴപ്പത്തിലായി. ഉടനെ വേറൊരു കുഴപ്പം സൃഷ്ടിച്ചില്ലെങ്കിൽ രക്ഷയില്ല. എന്റെ ഉദ്ദേശം ഇന്നുതന്നെ നടക്കണം. (കീശയിൽനിന്നു് കുപ്പിയെടുത്തിട്ട്) ഇതു് ശ്രീധരന്റെ ജീവനെ ഒടുക്കും. അതോടുകൂടി ഞാനിവിടത്തെ അധികാരി. ഉം. നോക്കട്ടെ. (പോകുന്നു.)

— കർട്ടൻ —

## രംഗം 13

[ശ്രീധരൻ കട്ടിലിൽ കിടക്കുന്നു. തലഭാഗത്തു് ഒരു ചെറിയ മേശ അതിന്മേൽ മരുന്നുകുപ്പികൾ. ലീലാവതി അരികത്തിരുന്നു ശുശ്രൂഷിക്കുന്നു.]

ലീ:- ജ്യേഷ്ഠൻെറ സുഖക്കേടിൽ ഞങ്ങളൊക്കെ വളരെ ഭയപ്പെട്ടു. ഇന്നലെയാണു് ഡാക്ടർ അപകടനില മാറിയെന്നു് പറഞ്ഞതു്.

ശ്രീ:— കുറെക്കാലംകൂടി ജീവിച്ചിരിക്കുവാൻ ദൈവം അനുവദിച്ചെന്നുമാത്രം. അല്ലെങ്കിലും ശവക്കുഴിയിലേക്കുള്ള ഒരു യാത്രയല്ലേ മനുഷ്യജീവിതം. നമ്മുടെ അച്ഛൻെറ മനസ്ഥിതി എങ്ങിനെ ഇരിക്കുന്നു.

ലീ:— വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു. എന്തോ ഗൗരവതരമായ ആലോചനകൾ നടക്കുന്നുണ്ടു്. വ്യക്തമായി ഒന്നും അറിയുന്നില്ല.

ശ്രീ:— പണിമുടക്കു് തുടർന്നുതന്നെ പോകുന്നു അല്ലേ.

ലീ:— അതെ തുടരുകയാണു്.

ശ്രീ:— ആ പാവങ്ങളെ അവർ കഷ്ടത്തിലാക്കി.

ലീ:— തൊഴിലാളിനേതാക്കളുടെ വഞ്ചന അവരൊന്നു് മനസ്സിലാക്കണമെന്നാണു് അച്ഛൻെറ ആഗ്രഹം.

ശ്രീ:— അതും ആവശ്യമാണു്.

ലീ:— തൊഴിലാളികളുടെ സാമ്പത്തികനില ഉയൎത്തുവാൻ ചില പദ്ധതികഠം നടപ്പിലാക്കണമെന്നാണു് അച്ഛൻെറ ആഗ്രഹം. മാധവപ്പണിക്കർ അച്ഛനെ സഹായിക്കുന്നുണ്ടു്.

ശ്രീ:— അദ്ദേഹം വളരെ നല്ല ആളാണു്.

ലീ:— മാധവപ്പണിക്കർ അച്ഛൻെറ മനസ്സിനു നല്ലൊരു പരിവൎത്തനമുണ്ടാക്കും.

ശ്രീ:— എന്നു് നമുക്കാശിക്കാം.

ലീ:— പണിമുടക്കിൽ പോലീസ് ഇടപെട്ടപ്പോഠം പ്രഭാകരൻ നേതാവിനെ കാണാനില്ലത്രെ!

ശ്രീ:— പണിമുടക്കു് ന്യായരഹിതമാണെന്നു് ആക്കാണു് അറിയാൻ പാടില്ലാത്തതു്

ലീ:— തൊഴിലാളികളെ കിണററിൽ ഇറക്കി ഏണിയെടുക്കുക. മനുഷ്യത്വമില്ലാത്ത പ്രവൎത്തി. അവരുടെ സംഘത്തിലെ 1000 രൂപ മടക്കിക്കൊടുത്തില്ല.

ശ്രീ:— ആ പണം ഇരുമ്പുകുടിച്ച വെള്ളംതന്നെ.

(സുശീല പ്രവേശിക്കുന്നു.)

സു:— ശ്രീധരജ്യേഷ്ഠൻെറ സുഖക്കേട്ട് എങ്ങിനെ ഇരിക്കുന്നു.

ലീ:— ഇന്നലെ മുതൽ ആശ്വാസമാണ്.

സു:— ഇന്നലെ ഞാൻ വന്നപ്പോഠം ഓർമ്മ ഉണ്ടായിരുന്നില്ല.

ശ്രീ:— അച്ഛനവിടെയില്ലേ.

സു:— ഇന്നലെ വീട്ടിൽനിന്നും പോന്നതാണ്. ഇതെവരെ മടങ്ങി വന്നിട്ടില്ല. ഞങ്ങഠം വല്ലാതെ പരിഭ്രമിച്ചിരിക്കയാണ്.

ലീ:— സുശീലെ പരിഭ്രമിക്കാനൊന്നുമില്ല. മാധവപ്പണിക്കരെ അച്ഛൻ എങ്ങോട്ടോ അയച്ചിരിക്കയാണ്. ഇന്ന് തീർച്ചയായും മടങ്ങിവരും.

സു:— തൊഴിലാളികഠംക്കും സാധുക്കഠംക്കും ഉപകാരപ്രദമായ ചില കാര്യങ്ങഠം ചെയ്യണമെന്ന് മുതലാളിക്ക് ആഗ്രഹമുള്ളതായി അച്ഛൻ പറഞ്ഞു.

ശ്രീ:— നമ്മുടെ അന്നത്തെ സംസാരം ഫലിച്ചു ലീലേ.

ലീ:— അങ്ങിനെ അച്ഛൻെറ കണ്ണ് തുറക്കട്ടെ. (ലീല സുശീലയുടെ കയ്യ് പിടിച്ച്) വരൂ സുശീലെ

അകത്തുപോയി കുറച്ചു കാപ്പി കുടിക്കാം.

സു:— ജ്യേഷ്ഠൻ തനിച്ചല്ലേ.

ശ്രീ:— സാരമില്ല. എനിക്കിപ്പോഠം വിശേഷമൊന്നു മില്ല.

(ലീലയും സുശീലയും പോകുന്നു. ഗോപിനാഥൻ പ്രവേ ശിക്കുന്നു.)

ഗോ:— സുഖക്കേടിനു് വളരെ ശാന്തതയുണ്ടെന്നു് കേട്ടു. ഞങ്ങളെല്ലാം വളരെ പരിഭ്രമിച്ചിരിക്കയായി രുന്നു.

ശ്രീ:— അങ്ങനെ വിചാരിപ്പാനില്ല. ഒരു കൊച്ചുനീ പ്പോള തകൻ്റുപോയാൽ ലോകത്തിനെന്താ നഷ്ടം.

ഗോ:— അങ്ങനെ പറയരുതു്. നിങ്ങളെപ്പോലെയുള്ള ഔദാര്യനിധികളെ ലോകത്തിനു്, ആവശ്യ മാണു്. (മരുന്നുകുപ്പി എടുക്കുന്നു.) ഇന്നു് മരു ന്നു് മാറിയിട്ടുണ്ടെന്നു് തോന്നുന്നു.

ശ്രീ:— ഉവ്വു്.

ഗോ:— ഇതിൽനിന്നും കുടിച്ചിട്ടില്ല, അല്ലേ?

ശ്രീ:— ഇല്ല.

ഗോ:— [പോക്കററിൽനിന്നു് ചെറിയ കുപ്പിയെടുത്തു് നാലു പുറവും നോക്കി നാലഞ്ചു തുള്ളി ഒഴിക്കുമ്പോരം] ഡോക്ടർ വളരെ സമത്ഥനാണു്. അല്ലെങ്കിൽ സുഖക്കേടു് ഇത്ര ക്ഷണം മാറുമായിരുന്നില്ല. [മരുന്നുകുപ്പി യഥാസ്ഥാനം വെക്കുന്നു. ചെറിയ കുപ്പി പോക്കററിൽ ഇടുന്നു.]

ശ്രീ:— ഡോക്ടർ മൂന്നുനേരവും വരുന്നുണ്ടു്.

ഗോ:— (പരിഭ്രമത്തോടെ) ഇനി ഇന്നു വരുമോ.

ശ്രീ:— ഇല്ല.

ഗോ:— എനിക്കൊന്നു് കാണണമെന്നുണ്ടായിരുന്നു.

ശ്രീ:— നാളെ പത്തുമണിക്കു വരും.

ഗോ:— എന്നാൽ അപ്പോരം കാണാം. ഒരു വല്ലാത്ത വയററിൽവേദന. ഞാൻ പോകട്ടെ.

ശ്രീ:— അങ്ങനെയാകട്ടെ.

ഗോ:— ദേഹം ഇളകാതെ കിടക്കണം. വന്നതു അങ്ങു് മാറികൊള്ളട്ടെ. (പോകുന്നു) (രാമു വരുന്നു)

ശ്രീ:— അച്ഛൻ വന്നോ രാമു?

രാ:— ഇപ്പം വന്നു കേറീട്ടെ ഉള്ളു. കൊച്ചമ്മയോടു് വിവരങ്ങരം ചോദിച്ചറിയുന്നു. (മരുന്നുകുപ്പി യെടുത്തു്) ഇന്നു് മരുന്നു കുടിച്ചില്ലേ?

ശ്രീ:— സമയമായിട്ടില്ല.

[രാമു അരയിൽനിന്നും മററൊരു മരുന്നുകുപ്പിയെടുത്തു് മേശപ്പുറത്തു വെക്കുന്നു. മററെ കുപ്പി അരയിൽ തിരുകുന്നു.]

രാ:— മരുന്നു കുടിക്കുവാൻ എപ്പഴാ സമയം മുതലാളി.

ശ്രീ:— ഒരു മണിക്കൂർക്കൂടി കഴിയണം.

രാ:— അതാ മൊതലാളി വരുന്നുണ്ടു്. (പോകുന്നു.)

— കർട്ടൻ —



# രംഗം 14

[രാമുവും ലക്ഷ്മിയും നിന്നു സംസാരിക്കുന്നു.]

ല:— രാമേട്ടനോട്ട് ഒരു കാര്യം പറഞ്ഞന്ന് വിചാരിച്ചിട്ട് നാള് കുറെയായി.

രാ:— പിന്നെ എന്താ പറയാത്തത്?

ല:— രാമേട്ടൻ എന്നെ സ്നേഹിക്കുന്നുണ്ടോ?

രാ:— പിന്നില്ലേ. ലച്ച്മി എൻെറ കരളിലല്ലെ. ലച്ചിമിയെ കണ്ടില്ലെങ്കിൽ അന്നെനിക്ക് ഉറക്കം വരില്ല.

ല:— അങ്ങനെ പറഞ്ഞാ പോരാ.

രാ:— പിന്നെന്തു വേണം.

ല:— ലക്ഷ്മി നിന്നെ ഞാൻ സ്നേഹിക്കുന്നു എന്നു പറയണം.

രാ:— ലച്ചിമി നിന്നെ ഞാൻ എല്ലാ ദിവസവും എല്ലാ മണിക്കൂറിലും എല്ലാ മിനിട്ടിലും എല്ലാ വിനാഴികയിലും സ്നേഹിക്കുന്നു. പോരെ.

ല:— ഒരു കാര്യം പറഞ്ഞാൽ അതു ചെയ്യോ?

രാ:— പിന്നില്ലെ എൻെറ ലച്ച്മിക്കുവേണ്ടി തീയ്യീച്ചാടണോ, വെള്ളത്തീച്ചാടണോ, കഴുത്തു മുറിക്കണോ ഈ രാമു തയ്യാറാണ്.

ല:— അന്നൊരു ദിവസം രാമേട്ടൻ പറഞ്ഞില്ലേ, നമുക്കിവിടെനിന്നു എവിടെയെങ്കിലും പോയി താമസിക്കണമെന്ന്.

രാ:— ഉവ്വ്.

ല:— ഞാനും അതു് തീച്ച്യയാക്കി.

രാ:— കാര്യക്കെ ശരി. എൻെറ കയ്യില് കാശില്ലല്ലോ ലക്ഷ്മി.

ല:— രാമേട്ടൻ അതേക്കുറിച്ച് പേടിക്കേണ്ട.

രാ:— പെണ്ണുങ്ങള് സമ്പാദിച്ച ചോറ് ഈ രാമു ഉണ്ണുകയില്ല. ഇവൻ കൊറച്ച് അന്തസ്സുള്ളോനാ- 4-ാം ക്ലാസില് 4 കൊല്ലാ ഈ രാമു പഠിച്ചതു്.

ല:— അതു് സാരമില്ല രാമേട്ടാ, എൻെറ കയ്യില് 1000ത്തീലധികം ഉറുപ്യയുണ്ട്. അതോണ്ട് നമുക്ക് സുഖമായി കഴിയാം.

രാ:— "സ്ത്രീ വിത്ത മധ മാധമം" എന്നാ ആ മാസ്റ്റർ സാർ പറഞ്ഞതു്. എന്നുവെച്ചാ പെണ്ണുങ്ങള

സമ്പാദിച്ചതു തിന്നുന്ന ആണുങ്ങൾ വെറും കഴുതകളാണെന്നു്.

ല:— അതു് പറയല്ലെ രാമേട്ട. അപ്പോ രാമേട്ടനെന്നോടു് സ്നേഹമില്ല.

രാ:— സ്നേഹമില്ലാഞ്ഞിട്ടല്ല ലച്ച്മി. ഈ രാമൂൻെറ അഭിമാനം കുതിരയുടെ തലപോലെ ഉയർന്നു നിൽക്കും. അതോണ്ട.

ല:— എന്നാ രാമേട്ടൻ വേല ചെയ്ത്ത് എനിക്കു് ചോറു് തന്നാമതി.

രാ:— ശരി. എന്നാ ഞാൻ പോരാം.

ല:— എപ്പളാ പൊറപ്പെടെണതു്.

രാ:— എന്തിനാ താമസിക്കുന്നതു്. നാളെത്തന്നെ.

ല:— അങ്ങിനെതന്നെ. ഞാൻ എല്ലാം ശരിയാക്കാം.

രാ:— പിന്നെ ഒരു കാര്യോംണ്ടു്. ഇവിടെ ആരും അറിയരുതു്. അറിഞ്ഞാ കൊഴപ്പമുണ്ടു്. ഉണ്ണ കഴിഞ്ഞു് എല്ലാവരും ഉറങ്ങുമ്പോ നമുക്കു് പുറപ്പെടാം.

ല:— അതു മതി.

രാ:— നമുക്കു് ഒരുമിച്ച്് പുറപ്പെടേണ്ട.

ല:— പിന്നെ.

രാ:— നീ ആദ്യം പൊയ്ക്കോ. അടുത്തുള്ള അയ്യപ്പൻ കാവിൽ നിന്നോ. ഞാൻ അവിടെ വരാം. നീ പേടിക്കണ്ട ഞാൻ പിന്നാലെ ഉണ്ടാകും.

ല:— എന്നാൽ അങ്ങിനെതന്നെ.

രാ:— നിൻെറ എല്ലാ സാമാനങ്ങളും ഒരു സഞ്ചിയിലാക്കി എടുത്തോ. യാതൊന്നും ഇവിടെ ഇടരുത്. വല്ല എഴുത്തുകൾ ഉണ്ടെങ്കിൽ അതൊക്കെ എടുത്തോളൂ. ഇവിടെ ഇട്ടാൽ അപകടമാണ്. ഇവിടത്തെ ആളോള് വല്ലാത്തോരാ.

ല:— ഓ, അവരുടെ ഒരു ഭാവം. മൊതലാളിത്തം തന്നെ എവിടേയും.

രാ:— നാളെത്തന്നെ പുറപ്പെടാം. രാത്രി ഊണു കഴിഞ്ഞ്.

ല:— അങ്ങിനെതന്നെ.

രാ:— എന്നാൽ നീ പൊയ്ക്കോ. (പോകുന്നു.) കൊച്ചു മുതലാളീടെ മുറിയിൽ വെളിച്ചം കാണുന്നു. ഞാൻ അങ്ങോട്ട് ചെല്ലട്ടെ.

— കർട്ടൻ —

# രംഗം 15

[ലക്ഷ്മിയും രാമുവും നിന്നു് സംസാരിക്കുന്നു. ലക്ഷ്മിയുടെ കയ്യിൽ ഒരു സഞ്ചിയും ]

ല:— ഇന്നു പുറപ്പെടുകയല്ലെ.

രാ:— അതെ. പതുക്കെ പറ. അതു വല്ലവരും കേട്ടാൽ. ഇവിടുത്തെ ചുമരിന്നും ഉണ്ടു് ചെവി. നീ മുമ്പേ നടക്കു. അയ്യപ്പൻ കാവിലേക്കു് ഒരു വിളിപ്പാടട ഉള്ളു. പേടിക്കണ്ട.

ല:— രാമേട്ടാ, എന്നെ ചതിക്കല്ലെ.

രാ:— എന്താ ലക്ഷ്മി അങ്ങനെ പറഞ്ഞതു്. എന്നെ വിശ്വാസമില്ലെ.

ല:— പിന്നെല്ല്യ.

രാ:— എന്നാൽ വേഗം നടക്കു്, ഞാൻ പിന്നിലുണ്ടു്.

ല:— എന്നാൽ ഞാൻ പോകട്ടെ.

(പോകുന്നു. മറുഭാഗത്തുകൂടി രാമുവും പോകുന്നു. [ശോകഗാനം] ലക്ഷ്മി ഒരു ഭാഗത്തുകൂടിവന്നു് മറുഭാഗത്തേക്കു് പോകുന്നു. പിൻകർട്ടൻ പൊന്തുന്നു. ഭൂതത്തിൻെറ വേഷത്തിൽ ഒരാറം ലക്ഷ്മിയുടെ മുമ്പിൽ ചാടി വീഴുന്നു )

ഏടി നില്ലവിടെ. (അടിക്കുന്നു ലക്ഷ്മി വീഴുന്നു.)

ല:— രാ മേ ട്ടാ ........ ഭൂതം............

(ഭൂതം സഞ്ചിയുംകൊണ്ട് മറയുന്നു. അതു് ഒരു ഭാഗത്തു് വെക്കുന്നു.)

ല:— രാമേട്ടാ........ രാമേട്ടാ........

[ഭൂതം വേഷം മാറി, രാമു സഞ്ചി ഒരു ഭാഗത്തു് ഒളിച്ചുവെച്ച് മറുഭാഗത്തുകൂടി പ്രവേശിക്കുന്നു.]

രാ:— ഏൻെറ ലച്ചിമി ഏന്തുപ്പററി, ആരു് ചെയ്തടീ ഈ ക്രിയ. അവനെ ഞാനിന്നു് അരിയും. പറ ആരാണെന്നു്.

[ലക്ഷ്മിയെ എഴുന്നേല്പിക്കുന്നു]

ല:— ഏനിക്കറിഞ്ഞുകൂടാ രാമേട്ട, ഒരു ഭൂതത്താൻ.

രാ:— നമ്മുടെ മുതലെവിടെ?

ല:— ഒക്കെ കൊണ്ടുപോയി രാമേട്ടാ.

രാ:— ഇനി മിണ്ടണ്ട. നമ്മള് പോന്നതു് ആരും അറിഞ്ഞിട്ടില്ലല്ലോ. നമുക്കു് മുതലാളിടെ വീട്ടിലേക്കു്തന്നെ പോകാം. ഇനി പണമുണ്ടാകുമ്പം വേറെ പോയി താമസിക്കാം.

ല:— അപ്പൊ രാമേട്ടൻ എന്റെകൂടെ പോരോ?

രാ:— പിന്നില്ലേ. ഇത്ു് ആരോടും പറയേണ്ട. പറ ഞ്ഞാൽ ആപത്താണു്.

ല:— ഞാൻ പറയില്ല.

രാ:— എന്നാ നമുക്കു് പോകാം. (പോകുന്നു.)

— കർട്ടൻ —



## രംഗം 16

[നാരായണപ്പണിക്കർ മാധവപ്പണിക്കർ ശ്രീധരൻ ഗോപി എന്നിവർ ഇരിക്കുന്നു.]

നാ:— എനിക്കിന്നൊരു പ്രത്യേക ദിവസമാണു്. അതാണു് ഞാൻ എല്ലാവരേയും വിളിച്ചുവരുത്തിയതു്. തൊഴിലാളികളുടേയും പാവങ്ങളുടേയും രക്ഷക്കുവേണ്ടി ഞാൻ ചിലതു് ചെയ്യാൻ ഉദ്ദേശിക്കുന്നു. എൻെറ മക്കളുടെ ആഗ്രഹവും അതാണു്.

ശ്രീ:— അതെ അച്ഛാ, കാലത്തിൻെറ ഗതിയനുസരിച്ചു നമ്മുടെ പ്രവൎത്തനങ്ങളിൽ ചില മാററങ്ങൾ വരുത്താതെ നിവൃത്തിയില്ല.

മാ:— എന്താണു് മുതലാളിയുടെ അഭിപ്രായം കേൾക്കട്ടെ.

നാ:— തൊഴിലാളികൾക്കു ന്യായമായ വേതനവും ആദായത്തിൽ പകുതി ബോണസുമാണു് ഞാൻ കൊടുക്കുന്നതു്.

മാ:— അപ്പോൾ പിന്നെ ഈ പണിമുടക്കിൻെറ ആവശ്യം.

നാ:— ഈ കമ്പനിയിലെ ആദായം മുഴുവനും അവക്ക് വീതിച്ചുകൊടുത്താലും അവർ ശ്രദ്ധിക്കുന്നില്ലെങ്കിൽ അവർ ഉയരുകയില്ല.

ശ്രീ:— അങ്ങയുടെ അഭിപ്രായം കേൾക്കട്ടെ.

നാ:— തൊഴിലാളികൾക്ക് കൊടുക്കുന്ന ബോണസ് കമ്പനിയിൽ നിൎത്തി കമ്പനിയുടെ ഓഹരിക്കാരാക്കുക. ഭരണകൂടത്തിൽ തൊഴിലാളികളുടെ പ്രധിനിധികളേയും ഉൾപ്പെടുത്തുക. ഒരു തൊഴിലാളിസംഘടന രൂപവൽക്കരിച്ച് ഒരു ചെറിയ മൂലധനമുണ്ടാക്കുവാൻ ശ്രമിക്കുകയും മിതവ്യയം പഠിപ്പിക്കയും പണം ദുർവ്യയം ചെയ്യുന്ന ദുശ്ശീലങ്ങളിൽനിന്ന് ഒഴിയുവാൻ അവരെ പഠിപ്പിക്കുകയും ചെയ്യുക. രാത്രിയിൽ വിദ്യാഭ്യാസം ചെയ്യുന്നതിന്ന് ഒരു തൊഴിലാളിവിദ്യാലയം സ്ഥാപിക്കുക. തൊഴിലാളികളുടെ കുട്ടികൾക്കുവേണ്ട വിദ്യാഭ്യാസചിലവു മുഴുവനും കമ്പനിയിൽനിന്നും കൊടുക്കുക.

ഗോ:— ഇതു് തൊഴിലാളികളുടെ സ്വാതന്ത്ര്യത്തിന്മേൽ ചങ്ങലവെക്കുകയാണു്.

മാ:— അല്ല. തൊഴിലാളികൾ ഇതുകൊണ്ടു് കൂടുതൽ സ്വതന്ത്രരാവുകയാണു്.

ശ്രീ:— പിന്നെ പാവങ്ങൾക്കു്?

നാ:— കുട്ടികൾക്ക് ഒരു അനാഥശാലയും വയസ്സുചെന്ന അഗതികൾക്ക് ഒരു ആധുരശാലയും എല്ലാവൎക്കുംവേണ്ടി ഒരു ധൎമ്മാസ്പത്രിയും സ്ഥാപിക്കുക. സ്ത്രീകൾക്ക് വീട്ടുകളിൽ ഇരുന്നു് ചെയ്യത്തക്ക ചില കുടിൽവ്യവസായങ്ങൾ ഏൎപ്പെടുത്തുക. ഇവയെല്ലാം നടത്തുന്നതിനു് എന്റെ മകൻ ശ്രീധരനെ ഞാൻ ഭരമേല്പിക്കുന്നു

ശ്രീ:— ഞാനെല്ലാം ഭംഗിയായി നടത്താമച്ഛാ.

നാ:— കമ്പനിയുടെ മേനേജരായ ഗോപിനാഥനെ മാററി തൽസ്ഥാനത്തേക്കു് ഞാൻ മാധവപ്പണിക്കരെ നിയമിക്കുന്നു. 3 മാസത്തെ ശമ്പളം ഗോപിനാഥൻ പിരിയുന്ന ദിവസം കൊടുക്കുന്നതാണു്.

ഗോ:— (എഴുന്നേററു്) ഇതു് തികച്ചും അന്യായമാണു്.

(രാമു പ്രവേശിക്കുന്നു.)

രാമു:— അന്യായമല്ല. നീതിയാണു്.

(എല്ലാവരും പകച്ചു് രാമുവിനെ നോക്കുന്നു.)

മുതലാളി ക്ഷമിക്കണം. ഞാൻ ചില വികൃതികൾ ചെയ്യാണു്. (ഗോപിനാഥന്റെ പക്കലേക്കു തിരിയുന്നു.) ഹേ ഗോപിനാഥൻ ആ നിന്ന നിലയിൽനിന്നു് അനങ്ങരുതു്. നിങ്ങളെ

അറസ്റ്റ് ചെയ്തിരിക്കുന്നു. പോലീസ് വീടിനുചുറ്റും കാവലുണ്ട്. നിങ്ങളൊരു കൊലപാതകിയാണ്. (എല്ലാവരും) എന്ത്, എന്ത്

(ഗോപീനാഥൻ പതുക്കെ ഷർട്ടിൻെറ പോക്കററിലേക്ക് കയ്യിടുന്നു.)

ഹേ ഗോപിനാഥൻ കൈത്തോക്കെടുക്കാൻ ശ്രമിക്കേണ്ട. സാക്ഷാൽ ഉണ്ടകൾ മാററി ഞാനതിൽ മണ്ണുണ്ടകൾ നിറച്ചിരിക്കുകയാണ്.

നാ:— എന്താ രാമു നിനക്ക് ഭ്രാന്തുണ്ടോ.

രാമു:— ഭ്രാന്തന്മാരെ ഗവർമ്മെണ്ട് സി. ഐ. ഡി. ഇൻസ്പെക്ടർ ആക്കാറില്ല. (രാമു പെട്ടെന്നുവേഷം മാറുന്നു.) മി. നാരായണപ്പണിക്കർ ഞാൻ സി. ഐ. ഡി. ഇൻസ്പെക്ടർ സോമസുന്ദരം പിള്ളയാണ്. (എല്ലാവരും എഴുന്നേല്ക്കുന്നു. സുശീല ചിരിക്കുന്നു. ഗോപിനാഥനെ ചൂണ്ടി കാണിച്ച്) കൊലപാതകിയായ ഇവനേയും കൂട്ടുകാരെയും പിടിക്കാൻ കുറെ മാസത്തേക്ക് ഇവിടെ ഒരു വേലക്കാരൻ രാമു ആകേണ്ടി വന്നു.

(രാമു വിസിൽ വിളിക്കുന്നു. ഒരു ഇൻസ്പെക്ടർ പ്രവേശിക്കുന്നു.)

രാ:— (ഗോപിയെ ചൂണ്ടി) ഇവനെ ആമം വെക്കൂ.

("ഈശ്വരാ" എന്നു പറഞ്ഞ് ലീല പോകുന്നു)

ഗോ:— ഞാൻ നിരപരാധിയാണ്.

രാ:— എന്തിനു് കള്ളം പറയുന്നു. നിങ്ങളും പ്രഭാകരനും തമ്മിലുള്ള എല്ലാ സംസാരങ്ങളും ഞാൻ സൗണ്ടു് റക്കാർഡിലെടുത്തിട്ടുണ്ടു്. എടോ താൻ പേടിക്കേണ്ട. തന്റെ കൂട്ടുകാരനും ഇപ്പോൾ വരും.

[പ്രഭാകരനെ വിലങ്ങുവെച്ച് രണ്ടു പോലീസു് കൊണ്ടുവരുന്നു.]

രാ:— No 11. ഈ വീട്ടിലെ അടുക്കളയുടെ വടക്കു വശത്തുള്ള മുറിയിൽ ലക്ഷ്മിയെ പൂട്ടിയിട്ടുണ്ടു്. അവളെ ഇവിടെ കൊണ്ടുവരണം.

[പോലീസു് പോകുന്നു.]

ശ്രീ:— അവൾക്കും ഇതിൽ പങ്കുണ്ടോ?

രാ:— ഉണ്ടു്. ഹേ ഗോപിനാഥൻ മിസ്റ്റർ ശ്രീധരനെ കൊല്ലുവാൻ വാങ്ങിയ വിഷം എവിടെ നിന്നാണു്.

ഗോ:— ഞാൻ വിഷം വാങ്ങീട്ടില്ല.

രാ:— ഇല്ല അല്ലെ. വിഷംതന്ന വ്യാപാരി പുറത്തു് പോലീസിന്റെ ബന്തവസ്സിലുണ്ടു്. അവനെ ഹാജരാക്കു. (ശ്രീധരന്റെ പക്കലേക്കു് തിരിഞ്ഞു്.) മിസ്റ്റർ ശ്രീധരൻ കഴിഞ്ഞ ആഴ്ച്ചയിൽ നിങ്ങൾ സുഖക്കേടായി കിടന്നപ്പോൾ നിങ്ങളെ വധിക്കുവാൻ നിങ്ങളുടെ മരുന്നിൽ ഗോപിനാഥൻ വിഷം കലത്തിയിരുന്നു. (കുപ്പി പോക്കററിൽ നിന്നെടുത്തു്) ഇതാണു് ആ കുപ്പി. ഞാനാണു് ആ കുപ്പി മാററിവച്ചതു്.

ശ്രീ:— എടാ ദുഷ്ടാ—

മാ:— ഇവന്റെ തോലു് ഉരിയുകയാണു് വേണ്ടതു്.

[വ്യാപാരിയെ ഹാജരാക്കുന്നു ]

രാ:— ആർക്കാണു് നിങ്ങൾ കഴിഞ്ഞ ആഴ്ച്ചയിൽ വിഷം കൊടുത്തതു്.

വ്യാ:— ഈ നില്ക്കുന്ന മനുഷ്യനു്. (ഗോപിയെ ചൂണ്ടി) (രാമു കൈത്തോക്കു് പോക്കററിൽ നിന്നെടുത്തു്) ഗോപിനാഥാ ഈ കൈത്തോക്കുകൊണ്ടല്ലെ താനും പ്രഭാകരനുംകൂടി മാധവപ്പണിക്കരേയും സുശീലയേയും കൊല്ലുവാൻ ഒരുങ്ങിയതു്.

ഗോ:— അതെ.

മാ:— അപ്പോഠം അവർ നിങ്ങളായിരുന്നുവല്ലെ.

സു:— ദുഷ്ടന്മാരു്.

നാ:— എന്തു്? എന്തു്?

രാ:— മി. പണിക്കർ ക്ഷമിക്കു. മി. മാധവപ്പണിക്കർ ആ വിവരം പിന്നീടു് വിശദമായി പറയും.

നാ:— ഇവർ ആരെയാണു് കൊല ചെയ്തിട്ടുള്ളതു്.

[ലക്ഷ്മിയെ ആമംവെച്ചു് പോലീസുകാർ കൊണ്ടുവരുന്നു]

രാ:— മി. നാരായണപ്പണിക്കർ, ഇനി ഞാൻ പറയുവാൻ പോകുന്ന സംഭവം നിങ്ങളുടെ രഹസ്യജീവിതത്തെ സ്പശിക്കുന്നതാണു്. അതു് നിങ്ങഠക്കു് കുറച്ചു് അവമാനകരമാണെങ്കിലും നിങ്ങഠം നീതിയായി പ്രവത്തിച്ചതുകൊണ്ടു് ആ അവമാനം സാരമില്ല. എന്നാൽ തെററിനു് പരിഹാരംചെയ്യുന്നതു മഹത്തുക്കളുടെ ലക്ഷണമാണു്. സുശീല മാധവപണിക്കരുടെ മകളല്ല. നിങ്ങഠക്കു് പാവ്വതി എന്ന ഒരു തൊഴിലാളി സ്ത്രീയിൽനിന്നു ജനിച്ചിട്ടുള്ള സ്വന്തം പുത്രിയാണു്. (സുശീല ചിരിക്കുന്നു.) പാവ്വതിക്കു് ഏതെങ്കിലും നാട്ടിൽപോയി ജീവിക്കുവാൻ നിങ്ങഠം 10000 രൂപ കൊടുത്തു. സുശീലയെ രക്ഷിക്കുവാൻ നിങ്ങഠം മാധവപണിക്കരെയും ഏല്പിച്ചു. പാവ്വതി അവളുടെ

19795

ബന്ധുജനങ്ങളുടെ അടുക്കലേക്കു് പുറപ്പെട്ടു. അവളെ സംബന്ധിച്ച സകല വിവരവും ഗോപിനാഥനു് കൊടുത്തിരുന്നതു് ലക്ഷ്മിയാണു്. അവാംക്കു് 1000 രൂപ പ്രതിഫലം കിട്ടി. ഗോപിനാഥൻ ലക്ഷ്മിക്കു് കൊടുത്ത എഴുത്താണിതു്. എഴുത്തിലെ ഉള്ളടക്കം പരസ്യമാക്കാൻ നിവൃത്തിയില്ല. കോടതിയിൽ ഹാജരാക്കേണ്ടതാണു്.

ല:— രാമേട്ടാ എന്നെ ഇത്ര സ്നേഹിച്ചിട്ടു് എന്നോടിങ്ങനെ പെരുമാറിയില്ലേ.

രാ:— നീതിയുടെ മുമ്പിൽ സ്നേഹത്തിനു് വിലയില്ല ലക്ഷ്മി. ഇരവിതടം എന്ന സ്ഥലത്തുവെച്ചു് ഗോപിനാഥനും പ്രഭാകരനുംകൂടി പാർവ്വതിയെ കൊലചെയ്തു് പണം തട്ടിയെടുത്തു. ഗോപിനാഥൻ ഇവിടത്തെ മേനേജരായതുകൊണ്ടു് പൊലീസ് ഇയ്യാളെ സംശയിച്ചില്ല. ചില ഊഹാപോഹങ്ങളെ അടിസ്ഥാനപ്പെടുത്തിയാണു് ഞാൻതന്നെ വേലക്കാരൻ രാമു ആയി ഇവിടെ വന്നു് നിങ്ങളെ ബുദ്ധിമുട്ടിച്ചതു്. ഇവിടത്തെ തൊഴിലാളികളെ പറഞ്ഞിളക്കി പണിമുടക്കിനു് പ്രേരിപ്പിച്ചതും ഇവർതന്നെയാണു്. ശ്രീധരനെ വധിച്ചു് ലീലാവതിയെ വിവാഹംചെയ്തു് നാരായണപണിക്കരുടെ സ്വത്തു് മുഴവൻ കയ്യടക്കണമെന്നായിരുന്നു ഇവൻെറ വിചാരം.

ശ്രീ:— ഈശ്വരാ എന്തൊക്കെയാണു് ഞാനീ കേംക്കുന്നതു്.

രാ:— സ്നേഹിതാ. തൻകാര്യം കാണുവാൻ ഒരു കമ്മ്യൂണിസ്റ്റുകാരൻ എന്തക്രമവും ചെ

യ്യാൻ മടിക്കയില്ല.

മാ:— ഇവയെല്ലാം ഒരു സ്വപ്നംപോലെ എനിക്കു തോന്നുന്നു.

രാ:—അല്ലെങ്കിലും ലോകജീവിതം ഒരു സ്വപ്നതുല്യമല്ലേ.

നാ:— നിങ്ങൾ തക്ക സമയത്തു് എത്തിയിരുന്നില്ലെങ്കിൽ എൻെറ കുടുംബത്തിൻെറ സ്ഥിതി എന്താകുമായിരുന്നു.

രാ:— സാധുജനങ്ങളോടു് സ്നേഹവും അനുകമ്പയും കാണിക്കുന്നവരെ ഈശ്വരൻ സകല ആപത്തുകളിൽനിന്നും രക്ഷിക്കും.

നാ:— നിങ്ങളോടു് എൻെറ കുടുംബം എന്നും കടപ്പെട്ടിരിക്കുന്നു.

മാ:— എൻെറയും.

നാ:— ചോദിക്കൂ. എന്തു വേണമെങ്കിലും ഞാൻതരാം.

രാ:— പ്രതിഫലം എനിക്കാവശ്യമില്ല. ഗവർമ്മെണ്ടു പ്രതിമാസം 1000 രൂപ എനിക്കു് നല്കുന്നുണ്ടു്. 1215 രൂപ ലക്ഷ്മിയുടെ സഞ്ചിയിൽനിന്നും കിട്ടിയതാണു്. ജയലിൽനിന്നു വരുമ്പോൾ അതവൾക്കു് കൊടുക്കണം. (രൂപ കൊടുക്കുന്നു) ഞാൻ അവിവാഹിതനാണു്. നിങ്ങൾക്കും മാധവപ്പണിക്കർക്കും സുശീലക്കും സമ്മതമാണെങ്കിൽ ഞാൻ സുശീലയെ വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്നു. (സുശീല ചിരിച്ചു് തല താഴ്ത്തുന്നു.)

നാ:— ഞങ്ങൾക്കു് പൂർണ്ണസമ്മതമാണു്.

ല:— ഈശ്വരാ ഞാനെന്താണീ കേൾക്കുന്നതു്.

രാ:— ഇവരെ സ്റ്റേഷനിലേക്കു് കൊണ്ടുപോകുക.

— കർട്ടൻ —

---

**THE END.**

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |

DC Library
*00019795*
T62 T34



# ജലമത്സ്യങ്ങ...

ഒരത്ഭു...


FANCY FISHERY ★

ELTHURUTH TRICHUR.

എൽത്തുരുത്ത്, തൃശൂർ

പ്രൊപ്രൈറ്റേഴ്സ്:

ജെ. ഏൻറണി കൊമ്പാപ്പു & ബ്രദേഴ്സ്.




ജലതരംഗങ്ങളിലൂടെ മിന്നിപ്പായുന്ന
സ്വർണ്ണമത്സ്യങ്ങളോടൊപ്പം നിങ്ങളുടെ ഭാവനയും,
വിശ്രമവേളകളിൽ സോല്ലാസം സഞ്ചരിക്കുന്നതാണ് !

അഴകും അന്തസ്സും ചേർന്ന
"ഫിഷ് ടാങ്കു"കളും നിങ്ങളുടെ ഭവനത്തിന്
ആകർഷണീയമായ ഒരലങ്കാരമാണ് !!

GOLDEN FISH, ANGEL FISH, FIGHTER, BLACK MOOLY, PEARL GOWRAME
Etc.
FISH FOOD, FISH TANK ALSO AVAILABLE.


കൂടുതൽ വിവരങ്ങൾക്ക് അന്വേഷിക്കുക:—

ലിററിൽ ഫ്ലവർ ബുക്ക്സ്റ്റാൾ, കോളേജ് റോഡ് തൃശൂർ 1.

T.62
T.34

# ഉയരുന്ന തൊഴിലാളി

T62
T34



T62
T34

എസ്സ്. തേർമ്മം